ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ രാജ്യത്തിലെ എല്ലാ മുഖ്യമന്ത്രിമാർക്കും അയച്ചിരുന്നു. ചില സ്ഥലത്തുനിന്നെല്ലാം അനുകൂലമായ പ്രതികരണമുണ്ടായി. എങ്കിലും ഇതിനുമുൻകൈയെടുത്തുക്കൊണ്ട് ഈ മാതിരിയുള്ള ഒരു പ്രമേയം നമ്മുടെ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പാസാക്കിയാൽ അതു മറ്റു സംസ്ഥാനങ്ങൾക്കും പ്രചോദനം നൽകുമെന്നാണ് എന്റെ വിശ്വാസം. ഇതിൽ ഏതെങ്കിലും സർക്കാരിനെ അധിക്ഷേപിക്കാനോ ഏതെങ്കിലും അവസരം ചൂഷണം ചെയ്യാനോ ഉദ്ദേശമില്ല. ആദ്യത്തേയും അവസാനത്തെയും ആഗ്രഹം ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമായിരിക്കണമെന്നും അതുപോലെത്തന്നെ സംസ്ഥാന കേന്ദ്ര ബന്ധങ്ങൾ ശരിയായ അടിത്തറയിൽ തന്നെ നീങ്ങുപോകണമെന്നുമുള്ളതാണ്. അത് ആരു ഭരിക്കുന്നു എന്നുള്ളതല്ല. ചില കാലങ്ങളിൽ ചില പ്രത്യേക പരിതസ്ഥിതിയിൽ ചില അബദ്ധങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ പോലും ആ അബദ്ധങ്ങൾ തിരുത്താൻ പാടില്ലെന്നു ഒരു സ്ഥലത്തും പറഞ്ഞിട്ടില്ലെന്നാണ് എന്റെ വിശ്വാസം. ശ്രീ. ബാലകൃഷ്ണപിള്ളയും അബദ്ധം കാണിച്ചിട്ടുണ്ട്. മന്ത്രിസഭയിൽ ശ്രീ. ബാലകൃഷ്ണപിള്ള ഒരിക്കൽ കയറിയതുതന്നെ ആ അബദ്ധത്തിന്റെ തെളിവാണ്. അങ്ങനെ അബദ്ധം എല്ലാ പേർക്കും സംഭവിക്കാം. മനുഷ്യസഹജമായ അബദ്ധം ചെയ്താൽ അത് തിരുത്തുകയെന്നുള്ളതാണ് ബുദ്ധിപൂർവ്വകവും കഴിവും എന്നാണ് എന്റെ വിശ്വാസം. അതു തിരുത്തുന്നതിനുള്ള സംരംഭത്തിൽ കക്ഷിഭേദമെന്യേ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുത്ത് ഇതിനെ പിന്താങ്ങിയതിന് അവരോട് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ഈ പ്രമേയം ഏകകണ്ഠമായി പാസാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

The question that the Resolution moved by the honourable Minister for Finance viz,

'കയറ്റുമതി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ ചുമത്തിവരുന്ന പർച്ചേസ്/വിൽപ്പന നികുതിയുടെ മേൽ സാരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തത്തക്കവിധം ഭരണഘടന ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാരിന്റെ വാണിജ്യ വകുപ്പ് ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നതിനാൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തെ മാത്രമല്ല ഫെഡറൽ—ധനകാര്യസംവിധാനമനുസരിച്ച് നികുതി ചുമത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അധികാര വ്യാപ്തിയെത്തന്നെ ഹാനികരമായി ബാധിക്കുന്ന ഈ നീക്കത്തിൽ ഈ സഭ അഗാധമായ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും. നിർദ്ദിഷ്ടമായ ഭരണഘടനാ ഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

be adopted, was put and carried.

The Resolution was unanimously adopted.

VI. നിയമനിർമ്മാണ കാര്യം

1979-ലെ കേരള അധിക വിൽപന നികുതി (ഭേദഗതി) ബിൽ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ) : സർ, ഇ 1979-ലെ അധിക വിൽപന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഈ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്തും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

Shri. N. I. Devassy kutty: Sir, I move that the Kerala Additional Sales Tax (Amendment) Bill, 1979 be circulated for eliciting public opinion till 31st of May 1979.

സർ, ഈ ഗവൺമെൻറ് ഈ സഭയിൽ കൊണ്ടുവരുന്ന ജനദ്രോഹപരമായിട്ടുള്ള നിയമനിർമ്മാണങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു കഴിഞ്ഞാൽ ഒരു വിശദീകരണ പ്രസംഗം നടത്തുകയില്ല എന്നുള്ള പതിവ് ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇന്നു ഏറ്റവും ജനദ്രോഹപരമായ ഈ ബിൽ അവതരിപ്പിച്ചുകൊണ്ടും കേരളത്തിലെ ധനകാര്യമന്ത്രി ഒരു വിശദീകരണ വാചകം പോലും നൽകുകയുണ്ടായിട്ടില്ല. സർ, എന്തുകൊണ്ടാണ് അദ്ദേഹം ഇതിനൊരു വിശദീകരണം തരാത്തത്? ഇതിനൊരു വിശദീകരണവും തരാൻ അദ്ദേഹത്തിനു കഴിയുകയില്ലെന്നുള്ളതു വളരെ വ്യക്തമായ കാര്യമാണ്.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): ബഹുമാനപ്പെട്ട മെമ്പറൻമാരുടെ അഭിപ്രായങ്ങളെല്ലാം കേട്ടതിനുശേഷം പറയാമെന്നു വിചാരിച്ചു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ പറയുന്നതു മുഴുവനും അങ്ങു കേൾക്കണം, മറുപടി പറയുകയും വേണം. എങ്കിലും സുപ്രധാനമായി ജനങ്ങളെ ബാധിക്കുന്ന ഒരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ അതിനെക്കുറിച്ച് വിശദീകരിച്ചു സംസാരിക്കുകയെന്നുള്ളതാണ് ജനാധിപത്യപരമായ നിയമസഭയിലെ കീഴ്വഴക്കം. നിങ്ങൾക്കു വിഷമമുണ്ടാകുമ്പോൾ നിങ്ങൾ അതിനെക്കുറിച്ച് പ്രസംഗിക്കുന്നില്ല, ഞങ്ങൾ പറയുന്നതിനു മറുപടി പറയുക എന്നതു മാത്രമായി ചുരുക്കുന്നു. ഞാൻ പറയുന്നതു അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പല കാപട്യങ്ങളും പറഞ്ഞിരിക്കുന്നു എന്നാണ്. അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റു പ്രസംഗത്തിന്റെ അവസാനമായി എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്.

"This budget provides for a total plan expenditure of Rs. 265 crores and mobilises the entire additional resources necessary for this without introducing any new tax or increasing the current rates of any existing taxation. എന്ന് ശുദ്ധ നുണയല്ലേ ധനകാര്യമന്ത്രി പറഞ്ഞിട്ടുള്ളത്. ഒരു പുതിയ ടാക്സ് പോലും ചുമത്താതെയാണ് ഞാൻ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്നു ഈ സഭയിൽ എഴുന്നേറ്റു നിന്നുള്ള ധനകാര്യമന്ത്രിയുടെ പ്രസ്താവന ശുദ്ധ കളവാണെന്നു ഞാൻ പറയുന്നു. പലതും ഇതുപോലെ ചൂണ്ടിക്കാണിക്കുവാനുണ്ട്. ഈ സെയിൽസ് ടാക്സ് ബിൽ 1978-ൽ അവതരിപ്പിച്ചുകൊണ്ട് അങ്ങയുടെ മുൻഗാമിയായ ശ്രീ. ഹേമചന്ദ്രൻ പെയ്ത പ്രസംഗത്തിലെ രണ്ടു വാചകങ്ങളും ഞാൻ വായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മന്ത്രി കളവു പറഞ്ഞു എന്നുള്ളതു പാർലമെന്ററിയാണോ? അതോ കളവാണെന്നു അംഗീകരിക്കുകയാണോ? ഇതു വളരെ ബഹളമുണ്ടായ ഒരു ഇഷ്യൂ ആണ്.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉപയോഗിച്ച വാക്ക് എന്താണെന്നു വ്യക്തമായിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ ആവർത്തിക്കാം. ഈ നിയമസഭയിൽതന്നെ ഇതിനെ സംബന്ധിച്ച് റൂളിംഗ് ഉണ്ടായിട്ടുണ്ട്. ഒരു മന്ത്രി കളവു പറയുന്നു എന്നുള്ളതു പാർലമെന്ററിയാണെന്നാണ് സ്പീക്കർമാർ നിർദ്ദേശിച്ചിട്ടുള്ളത്. കളവു പറയുന്നു എന്നു പറഞ്ഞാൽ വസ്തുതകയ്ക്കു വിരുദ്ധമാണെന്നാണ് അർത്ഥം. മന്ത്രി കളവു പറയുന്നു എന്നു പറയുന്നത് പാർലമെന്ററി ആണെന്നാണ് പല സ്പീക്കർമാരും വിധിച്ചിട്ടുള്ളത്. എനിക്കു സമയം തരികയാണെങ്കിൽ ഞാൻ ആ റൂളിംഗുകളും വായിക്കാം.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്കു അതുതന്നെ കുറേക്കൂടി പാർലമെന്ററിയായി പറയാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, സത്യവിരുദ്ധമെന്നു പറയാമോ?

ശ്രീ. ഇ. പി. ഗോപാലൻ: മെമ്പർ കളവു പറയുന്നു എന്നുള്ളതു പാർലമെന്ററിയാണോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സത്യവിരുദ്ധം എന്നാണ് പറയുന്നത്. ഇ. പി. ഗോപാലന്റെ പച്ചമലയാളത്തിൽ കളവ് എന്നാൽ കള്ളം എന്നുതന്നെയാണ് പറയേണ്ടത്. ഞാൻ കഴിഞ്ഞ ബഡ്ജറ്റു പ്രസംഗത്തിലെ ഒരു ഭാഗം വായിക്കാം. "Against this background, setting apart the loss of Rs. 45 crores, out of the remaining loss of Rs. 25 crores we propose to raise an amount of Rs. 10 crores by way of additional taxation, till the date of effect of the award of the Seventh Finance Commission. On this basis, additional sales-tax at the rate of 10% of the current rates will be realised for the sales during 1978-79. Government expect that it will not be necessary to continue this levy from 1978-80 onwards as by that time the award of the Seventh Finance Commission will be in operation."

സർ, അങ്ങയുടെ മുൻഗാമിയായ ധനകാര്യമന്ത്രി, നിങ്ങൾ പുറത്താക്കിയ ധനകാര്യമന്ത്രി ആയതുകൊണ്ടുതന്നെയാണോ നിങ്ങൾ അദ്ദേഹം ഈ സഭയ്ക്കു നൽകിയ ഉറപ്പ് പാലിക്കാതിരിക്കുന്നത്? നിങ്ങൾ പുറത്താക്കിയതുകൊണ്ടാണോ അദ്ദേഹം ഈ സഭയ്ക്കു നൽകിയ ഉറപ്പു പാലിക്കാതിരിക്കുന്നത്, എന്തു ന്യായീകരണമാണ് നിങ്ങൾക്കു പറയാനുള്ളത്? നിങ്ങൾ അദ്ദേഹത്തിന്റെ അനന്തരാവകാശിയാണ്. കെ. പി. സി. സി. പ്രസിഡന്റു സ്ഥാനത്തുനിന്നും ഇപ്പോൾ നിങ്ങൾ ധനകാര്യമന്ത്രിയായിരിക്കുന്നു. നിങ്ങൾ ഈ ഗവൺമെന്റിന്റെ മുൻ ധനകാര്യമന്ത്രി ഈ സഭയിൽ നൽകിയ ഉറപ്പിനു ഒരു ചീന്തു കടലാസിന്റെ വിലപോലും കൽപ്പിക്കാതെ തള്ളിക്കളഞ്ഞത് ഈ സഭയോടുള്ള അനാദരവും ഈ രാജ്യത്തെ ജനങ്ങളോടുള്ള വഞ്ചനയും ആണെന്നു പറയാൻ ഞാൻ മടിക്കുന്നില.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നികുതികളൊന്നുമില്ലാത്ത ബഡ്ജറ്റ് എന്നു ഭരണകക്ഷികളും പത്രങ്ങളുമെല്ലാം പറഞ്ഞിട്ടുള്ളതാണ്. പുതിയ നികുതികളൊന്നുമില്ലാത്ത ബഡ്ജറ്റാണോ? ധനകാര്യമന്ത്രിയുടെ തന്നെ പരാമർശം നോക്കിയാൽ ഇതൊരു കാപട്യം ആണെന്നാണ് മനസ്സിലാക്കുക. ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനം പറയുന്നത്: "In view of this commitment and the necessity to cover the deficit in the budget, it is proposed to continue the existing 10% additional sales tax."

സർ, ഇത് അദ്ദേഹം തന്നെയും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള, വേറൊരു സ്ഥലത്തു പറഞ്ഞിട്ടുള്ള പരാമർശനത്തിന് കടകവിരുദ്ധമായിട്ടുള്ളതാണ്. അദ്ദേഹം കാപട്യം നമ്മോടു പറയുക മാത്രമല്ല അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾപോലും നുണയാണെന്നു സമർത്ഥിക്കാൻ അദ്ദേഹത്തിന്റെ ഈ വാചകം കൊണ്ടുതന്നെ കഴിയും. അതുകൊണ്ട് ഈ നികുതിയുടെ ആവശ്യവും മറ്റും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കണം. സർ, ഞാൻ വായിക്കട്ടെ. ഈ പരാമർശനത്തിലൂടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മുന്നോട്ടു നീങ്ങിയപ്പോൾ ഭരണകക്ഷിയിലെ അംഗങ്ങൾ ഡസ്ക്കിൽ അടിച്ച് അനുമോദിച്ചതാണ്, സർ. അതുകൊണ്ട് അതു ഞാൻ വായിക്കാം. On the basis of the latest Ways and Means position it is expected that the closing surplus will not be less than Rs. 10 crores. ഉടനെ കയ്യടിച്ചു. If the above factors are also taken into account, instead of a closing deficit, there will be a surplus of Rs. 10 crores at the end of next year. The working groups of the Planning Commission recommended a plan outlay of Rs. 233 crores for next year. But due to inadequacy of resources as then estimated, the plan outlay had to be reduced to Rs. 170 crores. The aim of the Govt. is to implement a Plan of Rs. 233 crores next year. By exercising economy in expenditure and making efforts to increase revenue collections, there is every possibility of a further increase in the closing balance of the current year over Rs. 10 crores mentioned above.

ഈ കാര്യങ്ങളൊക്കെ ചെയ്താൽ മറ്റൊരു പത്തുകോടിയുടെ അധിക വർദ്ധനവുണ്ടാകുമെന്നു പ്രഖ്യാപിക്കുന്ന ധനകാര്യമന്ത്രിയാണ് പറയുന്നത്. ഡെഫിസിറ്റ് നികത്താൻവേണ്ടിയാണ് ഇപ്പോൾ പത്തു ശതമാനം നികുതി ചുമത്തണമെന്നുണ്ടെങ്കിൽ എന്താണ് അതിന്റെ വൈരുദ്ധ്യമെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയും. ഇതുമറച്ചുവച്ചുകൊണ്ട് കാപട്യം മറച്ചുവച്ചുകൊണ്ട് മറ്റൊന്ന് ഇവിടെ പറയുന്നു. പത്തുശതമാനം നികുതി ചുമത്തുന്നത് ഡെഫിസിറ്റ് നികത്താനാണെന്നു പറയുന്നു. അദ്ദേഹം പറയുന്ന ബഡ്ജറ്റിലുള്ള വാചകത്തിൽ ഇവിടെ സർപ്ലസ് പത്തുകോടിയിൽ അധികമാകുമെന്നു പറയുന്നു. പത്തുകോടിയിൽ അധികം സർപ്ലസ് ആകുമെന്ന് ധനകാര്യമന്ത്രി പറഞ്ഞാൽ അതു ശരിയാണെങ്കിൽ പിന്നെ എന്തിനാണ് നികുതി ചുമത്തുന്നത്. പത്തുശതമാനം നികുതി എന്തിനു ചുമത്തണം? ധനകാര്യമന്ത്രിയുടെ കണക്കനുസരിച്ച് വരുന്ന കൊല്ലം സെയിൽസ്ടാക്സിൽനിന്നും 145 കോടി രൂപ ഉണ്ടാകും. അങ്ങനെയാണെങ്കിൽ ഈ പറഞ്ഞതനുസരിച്ച് പതിനാലര കോടി രൂപ കേരളത്തിലെ ജനങ്ങൾ നികുതിയായി കൊടുക്കണം. അങ്ങനെ പതിനാലര കോടി രൂപ ജനങ്ങളുടെ മേൽ നികുതി ചുമത്താനുള്ള ഒരു ബില്ലാണ് ഇത്. അതുകൊണ്ടാണ് പറയുന്നത് വളരെ വളരെ പൊങ്ങച്ചം പറയുന്ന ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഇത് നാട്ടിലെ ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ണുനീർ തുള്ളിയാണ്. ജനങ്ങളുടെ കണ്ണീർ ഒഴുക്കാൻ കാരണമായിത്തീരുന്ന ഈ ബില്ലിനെ ന്യായീകരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു കഴിയുകയില്ല. അദ്ദേഹത്തിന്റെ പരാമർശനം വച്ചുകൊണ്ടുതന്നെ കഴിയുകയില്ല. ന്യായമായ, നീതിയുക്തമായ പരിഗണനവച്ചുകൊണ്ട് കഴിയുകയില്ല.

സർ, ഇതു മാത്രമാണോ കാപട്യം, വേറെയും കാപട്യം പ്രയോഗിച്ചിട്ടുണ്ട്. പല തന്ത്രങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ക്ലോസ് 2 (ബി) യിൽ പറയുന്നത്: "for the financial year commencing on the first day of April, 1978" എന്നാണ്. 1978-ലെ ഫിനാൻഷ്യൽ ഇയറിനുവേണ്ടി മാത്രമെന്നു സൂചിപ്പിക്കുന്ന ആ വാക്കുകൾ മാറി the words and figures "for every financial year commencing with the financial year 1978-79" shall be substituted എന്നാക്കിയിരിക്കുകയാണ്. എന്താണ് അർത്ഥം സർ? ഇത് 1978-ൽ മാത്രം ചുമത്തുമെന്നു പറഞ്ഞു. ബഡ്ജറ്റിൽ പറഞ്ഞു ഈ കൊല്ലവും തുടരുമെന്ന്. സാധാരണക്കാരായ ആളുകൾ എന്താണ് അർത്ഥമാക്കേണ്ടത്? ജനങ്ങൾ അർത്ഥമാക്കുന്നത് 78 ൽ ചുമത്തി ഈ കൊല്ലവും ആവശ്യമാണെന്നു തോന്നുന്നതുകൊണ്ട്. കണക്കുകൊണ്ട് ആവശ്യമില്ല സർപ്ലസ് ആകാൻ പോകുന്ന ബഡ്ജറ്റാണ്— ആവശ്യമില്ലെങ്കിൽപോലും ജനങ്ങൾ സാധാരണഗതിയിൽ ഈ വാചകം മനസ്സിലാക്കുക, ബഡ്ജറ്റ് സ്പീച്ചുകൊണ്ടു മനസ്സിലാക്കുക 79-ൽക്കൂടി ഈ നികുതി ചുമത്താൻ പോകുന്നു എന്നാണ്. അതാണോ ശരി? Sir, "for every financial year". ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ പ്രയോഗംകൊണ്ട് ഈ സാമ്പത്തിക വർഷത്തിൽ മാത്രമല്ല ആ ചിന്താഗതം എല്ലാ ഫിനാൻഷ്യൽ ഇയറിലും, എല്ലാ കൊല്ലവും പതിനാലരക്കോടി രൂപ നികുതി ചുമത്താനുള്ള ഒരു ബില്ലാണ് ഇത്. സർ, എന്തിനു ഇതു മറച്ചുവയ്ക്കണം? എല്ലാ സാമ്പത്തിക വർഷവും തുടരുമെന്നു പറഞ്ഞാൽ ഈ സാമ്പത്തിക വർഷം മുതൽ വരാൻ പോകുന്ന എല്ലാ കൊല്ലങ്ങളിലും പതിനാലരക്കോടി രൂപ, സെയിൽസ് ടാക്സ് വർദ്ധിക്കുകയാണെങ്കിൽ അത്രയും കൂടുതൽ കൂടുതൽ നികുതി കൊടുത്തുകൊണ്ടിരിക്കണമെന്നല്ലേ അർത്ഥം? അതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങൾ വെറും പ്രചരണത്തിനുവേണ്ടി പറയുകയും യഥാർത്ഥത്തിൽ ഉള്ളിൽ മറ്റൊന്നായിരിക്കുകയും ചെയ്യുന്ന പ്രവണത ധനകാര്യമന്ത്രിക്കു ഭൂഷണമല്ല, സർ. ഈ സഭയോടു വെട്ടിത്തുറന്നു പറയാതെ മുഴുവൻ കാപട്യമാണ്.

സർ, ഈ പതിനാലരക്കോടി രൂപ എന്തിനാണ് ചെലവുചെയ്യാൻ പോകുന്നത്? ഇതു സംബന്ധിച്ച് ഇതിലുള്ള പരാമർശം മുഴുവൻ കാപട്യം നിറഞ്ഞതാണ്. അദ്ദേഹത്തിന്റെ സ്വന്തം വകുപ്പായ പബ്ലിക് റിലേഷൻസ്, അതിൽ വേണമല്ലോ കാശു ചെലവു ചെയ്യാൻ. അതിന്റെ ആക്ടിവിറ്റീസ് അദ്ദേഹം പറയുന്നു. ഇത് ഇവിടെ പരാമർശന വിഷയമായിട്ടുള്ളതുകൊണ്ട് അതിനെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല. The small newspapers in the State have been persistenly requesting the Government for assistance in procuring the Services of the News Agencies. It is proposed to instal the teleprinter of 'Samachar Bharathi' at Kottayam and Ernakulam during the year on an experimental basis. They have offered to make available the news services in Malayalam in Roman letters. The District Information Offices of the Public Relations Department will arrange to take copies of the news bulletins and make them available to small newspapers.

LIBRARY ARCHIVES Kerala Legislative Assembly

സർ, പതിനാലരക്കോടി രൂപ ഈ ആക്ടുപകാരം ചുമത്തുന്നത്. എന്തിനു നൽകണം. നിങ്ങളുടെ കാര്യങ്ങൾ നടത്താൻ വേണ്ടി നൽകണം. ആർക്കാണ് അറിഞ്ഞുകൂടാത്തത്, റോമൻ ലാറ്ററിൽ ന്യൂസുതരാൻ കഴിവുള്ള ഇന്ത്യയിലെ ഏക സ്ഥാപനം സമാചാർ ഭാരതിയാണെന്നു പറഞ്ഞാൽ അതു വിശ്വസിക്കാനുള്ള കഴുതകളാണോ ഈ കേരളത്തിലെ ജനങ്ങൾ. കേരളത്തിലെ ജനങ്ങൾക്കു അറിഞ്ഞുകൂടെ ഇത് എന്തിനുവേണ്ടിയാണെന്ന്. ഞാൻ അതിലേക്കു കടക്കുന്നില്ല. സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ബഡ്ജറ്റു പ്രസംഗം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി കമലമ്മ സ്പീക്കേഴ്സ് ഗ്യാലറിയിൽ ഇരുന്ന് ഇതൊക്കെ കേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബഡ്ജറ്റു പ്രസംഗത്തിൽ ഒന്നുരണ്ടുതവണ അദ്ദേഹത്തിന്റെ തൊണ്ട ഇടറി. തീർച്ചയായിട്ടും ആ സ്ത്രീരത്നം അപ്പോൾ പ്രസ്ഗ്യാലറിയിൽ മകൻ പ്രതാപചന്ദ്രനെ നോക്കിക്കൊണ്ട് മകനെ നിനക്കുവേണ്ടി എന്നു മന്ത്രിച്ചിട്ടുണ്ടായിരിക്കും. എന്താണ് സർ, ഇത്. ഇതൊക്കെ കാപട്യമല്ലേ? കാര്യങ്ങൾ തുറന്നു പറയാതെ നിങ്ങളുടെ പുത്രനെ രക്ഷിക്കുന്നതിൽ ഞാൻ എതിരല്ല. നിങ്ങളുടെ പുത്രനെ രക്ഷിക്കണം. വെട്ടിത്തുറന്നു പറയണ്ടേ. ഇങ്ങനെ നിങ്ങൾ ഒന്നു പറയുകയും ഉള്ളിൽ മറ്റൊന്നായിരിക്കുകയും ചെയ്യുന്ന കാപട്യമായ കാര്യങ്ങൾക്കു വേണ്ടിയാണ് ഈ രാജ്യത്ത് പതിനാലരക്കോടി രൂപയുടെ നികുതി ചുമത്തുന്നത്. ഈ വസ്തുത മറച്ചു പിടിക്കുകയും സത്യസന്ധമല്ലാതെ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയും ജനങ്ങളെ പറ്റിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് ഈ ബില്ലിൽ അടങ്ങിയിരിക്കുന്നത് എന്നുള്ളതുകൊണ്ട് ഇത് അംഗീകരിച്ചുകൊടുക്കാൻ നിർവ്വാഹമില്ല.

സർ, ഇതുപോലെ ഒരുപാടു കാര്യങ്ങളുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഏതായാലും ഇതിൽ മുഴുവൻ കാപട്യമാണ്. ഉള്ള കാര്യങ്ങൾ ഉള്ളതുപോലെ പറയാതെ മറുവശം ചിന്തിക്കാൻ കഴിവുള്ളവർക്കു മാത്രം കാണാൻ കഴിയുന്ന കാര്യങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് ഈ അഡീഷണൽ സെയിൽസ്ടാക്സ് തുടരുന്നതിനെ സംബന്ധിച്ചുതന്നെ പറയുന്നത്. ഇതൊക്കെ കാപട്യം നിറച്ചുവച്ചതുകൊണ്ടു സംഭവിക്കുന്നതാണ്.

സർ, ഇവിടെ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. വന്ദ്യവയോധികനായ ധനകാര്യമന്ത്രി പെൻഷൻകാർക്ക് ചില ആനുകൂല്യം പ്രസ്താവിച്ചു അതിലും ഇതുപോലെ കാപട്യം തിരുകിവച്ചിട്ടുണ്ട്. 'The maximum service reckoned for pension will be raised from 30 to 33 years'. എന്താണ് അർത്ഥമെന്ന് ഒന്നു പറയണം. പെൻഷനു കണക്കാക്കുന്ന പരമാവധി സർവ്വീസ് 30 കൊല്ലത്തിൽനിന്ന് 33 കൊല്ലമായി ഉയർത്തുന്നതാണ് എന്നു പറഞ്ഞാൽ സ്വാഭാവികമായും അവർക്കു കിട്ടുന്ന ആനുകൂല്യം കുറയുകയല്ലേ ചെയ്യുന്നത്. 30 കൊല്ലത്തെ സേവനം ഉള്ളവർക്ക് 33 കൊല്ലത്തെ സേവനം ഉണ്ടെങ്കിലേ ഫുൾ പെൻഷൻ കൊടുക്കുകയുള്ളു എന്നല്ലേ? ഞാൻ പറയുന്നതിൽ തെറ്റുണ്ടെങ്കിൽ പറഞ്ഞാൽ സ്വീകരിച്ചുകൊള്ളാം. ഈ എഴുതിവച്ചിട്ടുള്ള വാചകത്തിന്റെ അർത്ഥം എന്താണ്? ഇങ്ങനെയാണോ എഴുതിവെക്കേണ്ടത്. ഇപ്പോൾ എഴുതിവച്ചിരിക്കുന്നതുപ്രകാരം 33 കൊല്ലക്കാർക്കു മാത്രമേ മാക്സിമം പെൻഷൻ കൊടുക്കുകയുള്ളു എന്നുള്ള വ്യവസ്ഥ എൻഫോഴ്സ് ചെയ്യാനുള്ള അധികാരം ഈ ബഡ്ജറ്റു പാസാകുമ്പോൾകിട്ടുന്നു. അത് ഗവൺമെന്റിനു വേണമെങ്കിൽ ചെയ്യാം. ഇങ്ങനെ എല്ലാ കാര്യങ്ങളിലും കാപട്യം ഒളിച്ചുവച്ചിട്ടുണ്ടെന്നുള്ളതിന്റെ കഥകം നിരത്താൻവേണ്ടിയാണ് ഇതു പറഞ്ഞത്. ഇതുപോലെ പരിശോധിച്ചാൽ ഇതിൽ എല്ലാത്തിലും, എല്ലാ കാര്യങ്ങളിലും ഇതേ സ്ഥിതി ഉണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സർ, വെൽഫെയർ സ്കീം പരിശോധിച്ചാലും ഇതുതന്നെയാണ് സ്ഥിതി. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല.

തൊഴിലില്ലായ്മ വേതനത്തിന്റെ കഥകളൊക്കെ നമുക്കറിയാം. അതിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന പത്തു കോടി രൂപയിൽ എത്ര ചെലവുചെയ്തു? ഇങ്ങനെ വെൽഫെയർ സ്കീംസ് എന്നു
11 a. m. പറഞ്ഞ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള മുൻകൊല്ലത്തെ സ്കീംസിന്റെ കഥകളറിയാവുന്നവർക്ക് എന്താണ് ഈ സ്കീംസ് എന്ന് ഊഹിക്കാൻ വളരെ പ്രയാസമില്ല. വളരെ വിസ്തരിച്ചൊന്നും ഞാൻ അതേക്കുറിച്ച് പറയുന്നില്ല. ഈ പതിനാലരകോടി രൂപയ്ക്ക് എന്തെങ്കിലും ന്യായമായ പരിപാടികൾ ഉൾപ്പെടുത്തുന്നതിൽനിന്നൊഴിഞ്ഞുനിന്നുകൊണ്ട് ഈ കളവും വെട്ടിപ്പും തട്ടിപ്പും മാത്രം ഉൾപ്പെടുത്തുക എന്നുള്ള ഈ നടപടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കും ഗവൺമെന്റിനും ഒട്ടും ഭൂഷണമായിട്ടുള്ളതല്ല എന്നാണ് എനിക്ക് അവസാനമായി പറയാനുള്ളത്. നാലു കോടി സർപ്ലസ് എന്നുപറഞ്ഞത് എന്റെ പരിശ്രമഫലമായി പത്തു കോടിയാക്കാൻ സാധിച്ചു എന്നുള്ളതിനു സംശയമൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ പറയുന്നു. അതുമാത്രവുമല്ല പുതിയ എക്കോണമി മെഷർമെന്റ്സും മറ്റും നടപ്പാക്കുകയാണെങ്കിൽ അത് പത്തു കോടിയിൽ കൂടുതൽ ആക്കാൻ കഴിയുമെന്നും അദ്ദേഹം പറയുന്നു. അങ്ങനെയാണെങ്കിൽ ഈ വിൽപ്പനനികുതിയിലുള്ള ഈ പത്തു ശതമാനം എന്തുകൊണ്ട് പാവപ്പെട്ട ജനങ്ങളുടെമേൽ ചുമത്തേണ്ട എന്നു തീരുമാനിക്കുന്നില്ല? അതു ന്യായമല്ലേ? അങ്ങുതന്നെ പറയുന്ന കാരണങ്ങൾകൊണ്ടും കണക്കുകൾകൊണ്ടും ഈ നികുതി ചുമത്തുന്നത് അന്യായമാണ്, അതിന്റെ ആവശ്യമില്ല എന്നു വളരെ വ്യക്തമാണു സർ. അതുകൊണ്ട് എനിക്കു പറയാനുള്ളത് അങ്ങ് ഇത്തരത്തിലുള്ള അവിദഗ്ദ്ധമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജനങ്ങളുടെമേൽ ഈ നികുതി ചുമത്തുന്നതിനു കൊണ്ടുവന്ന ക്രൂരമായ ഈ നിർദ്ദേശം അവസാനനിമിഷത്തിലെങ്കിലും വേണ്ടെന്നുവച്ച് ഈ ബിൽ പിൻവലിക്കണമെന്നാണ്. ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. പി. എസ് തോമസ്: സർ, അഡീഷണൽ സെയിൽസ് ടാക്സ് അമെൻറുമെന്റ് ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ അതു പറയുന്നതിനു കാരണമുണ്ട്. ഒന്നുരണ്ടു ചെറിയ ഭേദഗതികളേ ഇവിടെയുള്ളു. പക്ഷേ വലിയ പ്രാധാന്യമുള്ള പ്രശ്നങ്ങൾ ഇതിലന്തർഭവിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് തുടരുന്നത് ബ്രിട്ടീഷ് മോഡൽ ഭരണഘടനാ കീഴ്വഴക്കങ്ങളുടെയുമെല്ലാം പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ടാണ്. ഒരു ഗവൺമെന്റ് വളരെ വ്യക്തമായി വാഗ്ദാനം ലംഘിച്ചുകഴിഞ്ഞാൽ, അതു ലംഘിക്കപ്പെട്ടിരിക്കുന്നു എന്ന് രേഖപ്പെട്ടുകഴിഞ്ഞാൽ ആ ഗവൺമെന്റ് രാജിവെക്കുക എന്നുള്ളതാണ് ബ്രിട്ടീഷ് പാരമ്പര്യം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റ് കഴിഞ്ഞ വർഷം നൽകിയ വാഗ്ദാനം പരിപൂർണ്ണമായി ലംഘിച്ചിരിക്കുന്നു എന്നുള്ളത് പരമപ്രധാനമായ ഒരു കാര്യമായതുകൊണ്ട് ഈ ഗവൺമെന്റ് രാജിവെക്കുകയാണ് ഏറ്റവും ശരിയായ ബ്രിട്ടീഷ് പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് ചെയ്യാൻ കഴിയുന്ന ഏകപ്രവൃത്തി. ബഹുമാനപ്പെട്ട ഹേമചന്ദ്രന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ 33-ാം പേജിൽ 75-ാം ഖണ്ഡികയുടെ അവസാനം പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം: ''ഏഴാം ധനകാര്യകമ്മീഷന്റെ ശുപാർശകൾ നടപ്പിലാവുന്ന 1979-80 വർഷം മുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ അധികനികുതി ആവശ്യമാവുകയില്ലെന്നു ഗവൺമെൻറ് പ്രതീക്ഷിക്കുന്നു.'' ഏഴാം ധനകാര്യകമ്മീഷനിൽനിന്നും വളരെ ശുഭോദർക്കമായ പ്രയോജനകരമായ ശുപാർശ ഉണ്ടാകുമെന്ന് ധനകാര്യമന്ത്രി പ്രതീക്ഷിച്ചു കൊണ്ട് പ്രസംഗിച്ചതാണ്. നമ്മളും ആവശ്യപ്പെട്ടതു മുഴുവൻ കിട്ടുമെന്ന് നമ്മളും പ്രതീക്ഷിച്ചു. പക്ഷേ ആറാം ധനകാര്യകമ്മീഷന്റെ ശുപാർശയുമായി താരതമ്യപ്പെടുത്തിയാൽ ഏഴാം ധനകാര്യ കമ്മീഷന്റെ ശുപാർശ വളരെ മെച്ചമാണെന്നു കാണാം. ഇത് അംഗീകരിക്കപ്പെട്ടിരിക്കേ ഈ ഗവൺമെൻറ് അധിക നികുതി ഈടാക്കുന്നതിനുള്ള സംരംഭം ഉപേക്ഷിക്കേണ്ടതായിരുന്നു. ഈ ഒരു വർഷത്തേക്കല്ല തുടർന്നും ശാശ്വതമായി പിരിക്കുന്നതിനുവേണ്ടിയാണ് ഇതു നിയമമാക്കാൻ പോകുന്നത്. ഇത് ഒരു അഡീഷണൽ സർച്ചാർജായി കൊണ്ടുവരാൻ പോകുകയാണ്. ഒരു വർഷത്തേക്കു മാത്രമാണെന്ന് ആരംഭമായി പറയുക, അതിന്റെ വേയ്സ് ആൻറ് മീൻസിനെപ്പറ്റി പറഞ്ഞിട്ട് ഒരു പ്രത്യേകമായ മെഷർ ആണെന്നു പറയുക, സെയിൽസ് ടാക്സാണെങ്കിൽ അതിൽ ഒന്നോ രണ്ടോ ശതമാനം വർദ്ധിപ്പിച്ചാൽ മതിയായിരുന്നു. പക്ഷേ ഇത് ഒരു എക്സ്ട്രാ ഇൻകമായി ട്രീറ്റ് ചെയ്യുന്നതുകൊണ്ടു മാത്രമാണ് ഇതൊരു അഡീഷണൽ ടാക്സായി കൊണ്ടുവരുന്നത്. ഈ നിലയിൽ പരസ്യമായി നഗ്നമായി വാഗ്ദാനലംഘനം നടത്തുന്ന. ഈ ഗവൺമെൻറിന്റെ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി മുഖ്യമന്ത്രി ഇന്നലെ അഖിലേൻഡ്യാ റേഡിയോയിൽ പ്രസംഗിച്ചു. ഈ നിയമസഭ രൂപംകൊണ്ടത് 1977 മാർച്ചിലാണ്. അന്നവിടെ ഇരുന്നത് കരുണാകരനായിരുന്നു. ആ കരുണാകരനും അദ്ദേഹത്തിന്റെ ഗവൺമെൻറും എന്തെല്ലാം ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളിൽകൂടിയാണ് പുറത്താക്കപ്പെട്ടതെന്ന് എല്ലാവർക്കുമറിയാം. ആ കാലഘട്ടത്തിൽ ഗരുഡൻതൂക്കലിൽകൂടിയും കസേരകളിയിൽകൂടിയും ഉരുട്ടലിൽകൂടിയുമെല്ലാം കേരളത്തിലെ ജനങ്ങൾക്കു നൽകിയിട്ടുള്ള അനുഗ്രഹാശിസ്സുകളും തെളിയിക്കപ്പെട്ടതിനെ തുടർന്നു പുറത്താക്കപ്പെട്ട ഗവൺമെൻറിന്റെ കണക്കുകൂടി ശ്രീമാൻ വാസുദേവൻനായർ ഇന്നലെ റേഡിയോയിൽകൂടി വരച്ചു കാണിച്ചു. ഞാൻ ലജ്ജിക്കുന്നു സർ. പണ്ട് ബ്രിട്ടീഷുകാരും സർ സി. പി. യുമൊക്കെ ഇവിടെ സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റിന്റെയൊക്കെ നേട്ടം ഞങ്ങൾക്കാണെന്ന് പറയാത്തതു ഭാഗ്യം. ആ വശത്തിരുന്നിരുന്നവരും ഇപ്പോൾ ഈവശത്തു ഇരിയ്ക്കുന്നവരുമായ ആളുകളൊക്കെ ചെയ്തുവച്ചതിന്റെ നേട്ടം ഉൽഘോഷിക്കാൻ സഖാവു വാസുദേവൻനായർക്ക് ഒരു മടിയുമില്ല. എ. കെ. ആൻറണിയുടെ കാലത്തെ കാര്യം പറയുന്നതിൽ തെറ്റില്ല. കാരണം ഇപ്പോഴും അദ്ദേഹം ആ ഭാഗത്താണല്ലോ. സർ, ടി. എം. ജേക്കബ് ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് വളരെ ആവേശകരമായ ഒരു പ്രസംഗം നടത്തി. പുതിയ നികുതികളൊന്നുമില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പശ്ചിമബംഗാളിൽ പുതിയ നികുതി കൊണ്ടുവന്നത് അദ്ദേഹം കണ്ടുപിടിച്ചു. നികുതിചുമത്താതിരിക്കുന്നതോ ചുമത്തുന്നതോ അല്ല ആ പണം എങ്ങനെ വിനിയോഗിക്കുന്നു എന്നുള്ളതാണ് പ്രശ്നം. ഇന്ന് പതിനാലരക്കോടി രൂപയുടെ നികുതിയാണ്. ഇത് പുതിയ നികുതിയല്ല എന്ന് ശ്രീമാൻ ജേക്കബ്ബിനു നിഷേധിക്കാൻ കഴിയുമോ? ഇത് ശ്രീ. ഹേമചന്ദ്രന്റെ സ്വന്തംഇഷ്ടപ്രകാരം കൊണ്ടുവന്നതാണെങ്കിൽ അങ്ങനെ പറഞ്ഞ് അദ്ദേഹത്തെ തള്ളിപ്പറയണം. അങ്ങനെ ചെയ്യാത്തിടത്തോളം കാലം ഇതു നിങ്ങളുടെ ഗവൺമെൻറുതന്നെ കൊണ്ടുവന്ന പുതിയ നികുതിയാണ്. പശ്ചിമബംഗാളിലെ ഗവൺമെൻറ് പ്രതിമാസം 60 രൂപയാണ് തൊഴിലില്ലായ്മാവേതനം കൊടുക്കുന്നത്. പ്രതിമാസം 50 രൂപയായിരുന്നു അത് 60 രൂപയായി ഉയർത്തി. മാത്രവുമല്ല തൊഴിൽ ചെയ്യുന്ന ദിവസങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനു പ്രത്യേകം കൂലിയുമുണ്ട്. ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള പട്ടികയിൽനിന്നും ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കാം. അവിടെ തൊഴിലില്ലായ്മ വേതനം യഥാർത്ഥത്തിൽ തൊഴിലില്ലായ്മ വേതനംതന്നെയാണ്. അല്ലാതെ ഇവിടത്തെപ്പോലെ തൊഴിൽ ചെയ്തിട്ട് തൊഴിലില്ലായ്മ വേതനം കൊടുക്കുകയല്ല. ഇവിടത്തെ ഗവൺമെൻറ് പദ്ധതികൊണ്ടുള്ള ഒരു കസർത്താണ് കാണിക്കുന്നത്. ശ്രീമാൻ എം. കെ. രാഘവൻ പറയുന്നത് ഒരു ദിവസം തൊഴിൽ ചെയ്തവർക്കും തൊഴിലില്ലായ്മ വേതനം കിട്ടുമെന്നാണ്. സർ, നാസികാച്ചൂർണ്ണും മൂക്കുപൊടി എന്നു പറയണമോ? എന്നാൽപ്പിന്നെ എന്തിനു തൊഴിലില്ലായ്മവേതനം എന്നു പറയുന്നു? തൊഴിൽ മന്ത്രി പറയുന്നു തൊഴിൽ ചെയ്തവർക്കേ പണം കൊടുക്കൂ എന്ന്. അപ്പോൾപ്പിന്നെ അതിൻെറ പേരെന്താണ്? നേരേമറിച്ച് പശ്ചിമബംഗാളിൽ തൊഴിലില്ലായ്മ വേതനം കൊടുക്കുന്നത് തൊഴിലില്ലായ്മ വേതനം തന്നെയാണ്. അവിടെകൊടുത്തുകൊണ്ടിരുന്ന 50 രൂപ 60 രൂപയായി വർദ്ധിപ്പിച്ചു. ശ്രീമാൻ ജേക്കബ് മനസ്സിലാക്കണം നികുതി ചുമത്തുന്നത് അതുപോലുള്ള ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയാണ്. സർ, ഇവിടെ കപ്പയ്ക്കു താങ്ങുവില പ്രഖ്യാപിച്ചു. ആരാണ് അപ്പോൾ കപ്പയെ താങ്ങിക്കൊണ്ടിരിക്കുന്നത്? അതുപോലെതന്നെ നെല്ലിനും താങ്ങുവില പ്രഖ്യാപിച്ചു. സർ, കഴിഞ്ഞ വർഷത്തെ ജനക്ഷേമമാണ് ഞാൻ ഈ പറയുന്നത്. വരാൻ പോകുന്ന ജനക്ഷേമത്തെപ്പറ്റിയല്ല.

ശ്രീ. എ. വി. താമരാക്ഷൻ: പശ്ചിമബംഗാളിൽ ഈ വർഷം നികുതി പിരിക്കുന്നത് 66 കോടി രൂപയാണ്. എന്നാൽ തൊഴിലില്ലായ്മാവേതനം കൊടുക്കുന്നത് എത്രയാണ്?

ശ്രീ. പി. പി. എസ് തോമസ്: തൊണ്ണൂറുകോടി രൂപയുടെ നികുതി വേണമെങ്കിൽ ചുമത്തിക്കൊള്ളട്ടെ. കാരണം ആ നാട്ടിലെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടിയാണല്ലോ അത് ചെലവാക്കുന്നത്. അല്ലാതെ നിങ്ങളെപ്പോലെ പുതിയ പോലീസ് ബറാലിയൻ ഉണ്ടാക്കാൻവേണ്ടിയല്ല. പോലീസ് ബറാലിയൻെറ കണക്കാണ് ഇവിടെ പറയുന്നത്.

* * * * * *

ഞങ്ങൾക്കും ഒരു വരവുവേണമെന്നു പറഞ്ഞ് ഒരു പുതിയ ബറാലിയൻ ഉണ്ടാക്കുന്നു. കേരളത്തിലെ വിവേകമുള്ള, വിദ്യാഭ്യാസമുള്ള, സംസ്കാരമുള്ള, രാഷ്ട്രീയബോധമുള്ള ജനങ്ങൾക്കൊക്കെ ഇതു മനസ്സിലാകും. തമിഴ്നാടിൻെറയും കർണ്ണാടകത്തിൻെറയും പേരുപറയുന്നത് എന്തിനാണ്? തമിഴ്നാട്ടിൽ തീവണ്ടിയുടെ പുറത്തുകയറി നൂറുകണക്കിനു ആളുകൾ മരിക്കുന്നു. അവിടത്തെ കാര്യം എന്തിനു ഇവിടെ പറയുന്നു? ജനസംഖ്യാനുപാതികമായി പോലീസിനെ നിയമിക്കാനാണ് സർ, ഇവിടെ നികുതി ചുമത്തുന്നത്. കേരളവും തമിഴ്നാടും തമ്മിൽ താരതമ്യപ്പെടുത്തുന്നതിൽ എന്തർത്ഥമാണ്? ഇവിടെ ഒരു പോലീസ് കോൺസ്റ്റബിളിനെ നിയമിക്കാൻ മൂവായിരം രൂപവച്ചു കൊടുക്കണം. മൂവായിരം രൂപ ആഫീസിൽ അടച്ചാലേ ചിറ്റു കിട്ടുകയുള്ളൂ. പാർട്ടിയുടെ പേരൊന്നും ഞാൻ പറയുന്നില്ല.

* * * * * *

ഞാൻ സി. പി. ഐ യുടെ കോട്ടായാണ്, ഞാൻ ലീഗിൻെറ കോട്ടായാണ്, ഞാൻ ആർ. എസ്. പി. യുടെ കോട്ടായാണ്, ...

* * * ബഹു: സ്പീക്കറുടെ ഉത്തരവുപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ സ്പീക്കറെ എഴുതി അറിയിക്കണമെന്നുണ്ട്.

ശ്രീ. പി. പി. എസ്തോസ്: ആരോപണം അല്ല സർ, ജനക്ഷേമകരങ്ങളായ പ്രവർത്തിയാണ്.

ശ്രീ. റ്റി. എം. ജേക്കബ്: സർ, പോയിന്റ് ആഫ് ആർഡർ.

* * * * * *

ഇത് വ്യക്തികളുടെമേലുള്ള ഒരു ആരോപണമായി വരികയാണ്, സ്പീക്കറെ മുൻകൂട്ടി എഴുതി അറിയിക്കാതെ ഇങ്ങനെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ആർഡറിലാണോ ? അത് സഭാനടപടികളിൽനിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ രീതിയിൽ ആരോപണം ഉന്നയിക്കാൻ പാടില്ലാത്തതാണ്.

ശ്രീ. പി. പി. എസ്തോസ്: സർ, ഞാൻ വ്യക്തികളുടെ പേരിൽ ആരോപണം ഉന്നയിച്ചിട്ടില്ല.

ശ്രീ. റ്റി. എം. ജേക്കബ്: സർ, സഭാനടപടികളിൽനിന്നും നീക്കം ചെയ്യുമോ എന്നുള്ള എന്റെ ചോദ്യത്തിന് മറുപടി കിട്ടിയില്ല.

ശ്രീ. പി. പി. എസ്തോസ്: പോലീസ് ഇൻസ്പെക്ടർമാർ പറയുന്നു എന്നാണ് ഞാൻ പറഞ്ഞത്.

മി. ഡെ. സ്പീക്കർ: 'പോലീസ് ഇൻസ്പെക്ടർമാർ പറയുന്നു' 'ചന്തയിൽ സംസാരമുണ്ട്' എന്നെല്ലാം പറയാനുള്ള വേദിയല്ല ഈ നിയമസഭ.

ശ്രീ. പി. പി. എസ്തോസ്: ഞാൻ പത്രം വായിക്കാറുണ്ട് സർ, പത്രങ്ങൾ പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉത്തരവാദപ്പെട്ട മെമ്പർമാർ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ആരോപണം എന്നുള്ള നിലയിൽതന്നെ ഉന്നയിക്കണം. അങ്ങനെ ഉന്നയിക്കുമ്പോൾ അത് മുൻകൂട്ടി സ്പീക്കറെയും മന്ത്രിയെയും അറിയിക്കണം.

* * * * * *

ശ്രീ. പി. പി. എസ്തോസ്: അത് സൗകര്യപ്രദമായി എങ്ങനെ വേണമെങ്കിലും ചെയ്യാം. എനിക്ക് ആക്ഷേപമില്ല. അങ്ങനെയാണെങ്കിൽ പത്രങ്ങളിൽ വരാറുള്ള ഇത്തരം കാര്യങ്ങളും നീക്കം ചെയ്യേണ്ടതായി വരും. ഇവിടെ പലരും പത്രങ്ങൾ ഉദ്ധരിച്ച് രേഖകൾ ഹാജരാക്കാറുണ്ട്.

* * * ബഹു: സ്പീക്കറുടെ ഉത്തർവുപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനി അങ്ങനെ വരുന്നതും സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്ന് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സർ, ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കുവേണ്ടി ചെയ്യുന്നത് പോലീസിനെ കൂടുതൽ നിയമിക്കുകയാണ്. വലിയ ജനക്ഷേമകരമല്ലേ പോലീസ് റിക്രൂട്ട്മെൻറ്? ജനക്ഷേമകരത്തിൻെറ കഥകളും പലതുണ്ട് ഇവിടെ. പോലീസിൻെറ കഥ. തിരുവനന്തപുരത്തും സമീപപ്രദേശത്തും വീടുകളിൽനിന്ന് ആളുകളെ വിളിച്ചുകൊണ്ടുപോയി തല്ലിക്കൊന്ന് ആറ്റിൽ തള്ളിയിട്ട് അത് ആത്മഹത്യയാണെന്നു പറയുകയാണ്. ഇന്നലെയും പത്രത്തിൽ ഉണ്ടായിരുന്നു 13 വയസ്സായ ഒരു പെൺകുട്ടി കൈയും കാലും കെട്ടിയ നിലയിൽ കിടക്കുന്നു.—എന്നിട്ട് തൂങ്ങിമരിച്ചതാണെന്ന് റിപ്പോർട്ടുചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള വിദഗ്ദ്ധമായ പോലീസു ഭരണത്തിനുവേണ്ടിയാണോ, പുതിയ പോലീസ് ബറാലിയെ റിക്രൂട്ട് ചെയ്യുന്നതിനുവേണ്ടിയാണോ ഈ പതിനാലരകോടി രൂപയുടെ നികുതി ചുമത്തുന്നത്? എനിക്കു മറുപടി കിട്ടണം എന്തു മെച്ചപ്പെട്ട ഭരണത്തിനു വേണ്ടിയാണ്? അടുത്തവർഷം തൊഴിലില്ലായ്മ വേതനം കൊടുക്കുകയില്ല. പകരം എംപ്ലോയ്മെൻറ് ജനറേഷനാണ്—അതായത് തൊഴിൽ ഉൽപ്പാദനമേഖല എങ്ങനെയാണ് തൊഴിൽ ഉൽപ്പാദിപ്പിക്കുന്നത് എന്ന് എനിക്ക് അറിവില്ല. തൊഴിൽ ഉൽപ്പാദനമേഖലയിലേക്കാണ് പണം പോകുന്നത്. തൊഴിലില്ലായ്മ മേഖലയിലേക്കല്ല. സർ. താങ്ങുവിലയുടെ കാര്യം ഞാൻ ഇവിടെ നേരത്തേ പറഞ്ഞു. അഗതികൾക്കും വികലാംഗർക്കും എന്തെങ്കിലും സഹായം ചെയ്തുകൊടുക്കുന്നതിൽ വിരോധം ഇല്ല. നാളെയും അക്കാര്യത്തിൽ പുരോഗതി വേണമെന്നാണ് എൻെറ അഭിപ്രായം. പക്ഷേ പുതിയ നികുതിക്കുവേണ്ടി ഭേദഗതി കൊണ്ടുവരുന്നതിൻെറ കാരണം അതാണോ? ആജീവനാന്തം ശാശ്വതമായി നികുതികൊണ്ടുവരാനുള്ള നിഗൂഢശ്രമമാണ് നടത്തിയിരിക്കുന്നത്. വളഞ്ഞ വാതിലിൽകൂടി കൊണ്ടുവന്ന ഒരു പുതിയ നികുതിയെക്കുറിച്ചു പറയാനുള്ള അന്തസില്ലാത്ത ചങ്കൂറ്റമില്ലാത്ത ഭീരുക്കളുടേതായ ഒരു ഗവൺമെൻറാണ് ഇത്. എന്നിട്ടു പറയുന്നു പുതിയ നികുതി നിർദ്ദേശങ്ങളില്ലാ എന്ന്. ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ ഇത് പുതിയ നികുതിയാണ്. പത്രക്കാരെക്കൊണ്ട് ഒരുപക്ഷേ പലതും എഴുതിക്കുവാൻ കഴിഞ്ഞെന്നുവരും. അവർ ഇതിൻെറ പ്രസ്തുതകാര്യം പൂർണ്ണമായി മനസ്സിലാക്കിയില്ലെന്നുവരാം ചിലപ്പോൾ മനസ്സിലാക്കിയിട്ടും എഴുതിയില്ലെന്നുംവരാം. എങ്കിലും പുതിയ നികുതിയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും ഇത് അറിയണം. സാധനം വാങ്ങിക്കുമ്പോൾ പത്തുരൂപ വിൽപ്പനനികുതി കൊടുക്കേണ്ടിവരുമ്പോൾ അതിന് എ. എസ്. ടി. കൂടികൊടുക്കണം ഒരു രൂപ. അത് പുതിയ നികുതി അല്ലേ? ആ ബഡ്ജറ്റ് പ്രസംഗം ആവർത്തിച്ചു വായിച്ചുനോക്കണം. ഹേമചന്ദ്രൻെറ ബഡ്ജറ്റ് പ്രസംഗത്തിലെ എഴുപത്തിയഞ്ചാം ഖണ്ഡിക ഒന്നു വായിക്കാൻ അപ്പുറത്തിരിക്കുന്ന ആളുകളോട് ഞാൻ ആവശ്യപ്പെടുകയാണ. വാഗ്ദാന ലംഘനം നടത്തിയിരിക്കുന്ന ഈ ഗവൺമെൻറിനു പുതിയ നികുതി കൊണ്ടുവരാൻ അവകാശമില്ലെന്നു മാത്രമല്ല ഇത് വഞ്ചനയുമാണ്. ജനങ്ങളുടെമേൽ ചുമത്തിയിരുന്ന പതിനാലരകോടി രൂപയുടെ നികുതി ജനോപകാരമേഖലയിലേക്കോ പ്രത്യുൽപാദന മേഖലയിലേക്കോ അല്ല പോകുന്നത്. പോലീസുകാരെ റിക്രൂട്ടുചെയ്യാനും പുതിയ ലാത്തികൾ വാങ്ങിക്കാനും, പുതിയ തോക്കുകൾ വാങ്ങിക്കാനും, വെടിയുണ്ടകൾ വാങ്ങിക്കാനും, അങ്ങനെ തോക്കും ലാത്തിയും വെടിയുണ്ടയുമായി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉയർന്നുവരുന്ന തൊഴിലാളി സമരങ്ങളേയും ജനകീയ സമരങ്ങളേയും അടിച്ചമർത്താനുള്ള ഒരു പോലീസ് സംഘത്തെ ഉണ്ടാക്കാനുമാണ് ഈ നികുതികൊണ്ടുവന്നിരിക്കുന്നത് എന്നു വ്യക്തമായി ഞാൻ ആക്ഷേപിക്കുകയാണ്. ഏഴാം ധനകാര്യകമ്മീഷന്റെ ശുപാർശ നമുക്ക് അനുകൂലമായി വന്നതിനു ശേഷവും ഇത്തരത്തിലുള്ള ഒരു നികുതി കൊണ്ടുവന്ന് വാഗ്ദാനലംഘനം നടത്തിയിരിക്കുന്ന ഈ ഗവൺമെന്റ് രാജിവയ്ക്കണമെന്നു തന്നെ ആവശ്യപ്പെട്ടുകൊണ്ട് നിയമ നിർമ്മാണത്തെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടു ഭേദഗതികളും അവതരിപ്പിച്ചിരിക്കുകയാണ്. ഈ ബില്ല് പന്ത്രണ്ടരമണിക്കുമുമ്പ് അവസാനിപ്പിക്കണം. അത് കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ ചുരുക്കി സംസാരിക്കുമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആർ. സുന്ദരേശൻനായർ: സർ, പതിനാലരകോടി രൂപയുടെ അധികനികുതി ജനങ്ങളുടെമേൽ ചുമത്തുന്നതിനു ഈ സഭയുടെ അംഗീകാരം ചോദിക്കുന്ന ഈ ബില്ലിനെ ഞാൻ വളരെ ശക്തമായി എതിർക്കുന്നു. കഴിഞ്ഞവർഷത്തെ ഈ സെയിൽസ് ടാക്സ് 10 ശതമാനം വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി അവതരിപ്പിച്ച കേരളാ അഡീഷണൽ സെയിൽസ് ടാക്സ് ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജെക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിരുന്ന കാര്യങ്ങളും ഇതാണ്. It was also stated therein that the proposed levy of additional tax would be confined to the financial year 1978-79 and that the levy would not be continued during the subsequent financial year when the recommendations of the Seventh Finance Commission are implemented. ഏഴാം ധനകാര്യകമ്മീഷന്റെ ശുപാർശകളും ഇംപ്ലിമെന്റ് ചെയ്തു കഴിഞ്ഞിരിക്കുകയാണ്. അതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നന്ദി പ്രകടിപ്പിച്ചിരിക്കുന്നു. ഏഴാം ധനകാര്യകമ്മീഷന്റെ അവാർഡ് കേരളത്തിൽ എന്തുമാത്രം അനുകൂലമാണെന്നു അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞിരുന്നു. ഏഴാം ധനകാര്യകമ്മീഷന്റെ അവാർഡ് അനുകൂലമായി വരികയും അതിനു നന്ദി പ്രകടിപ്പിക്കുകയും ചെയ്തശേഷം ഈ ഒരു അധികനികുതി തുടർന്നുപോകണമെന്ന് ആഗ്രഹിച്ചുകൊണ്ട് അതിനു അംഗീകാരം ലഭിക്കാൻവേണ്ടിയാണ് ഈ ബില്ല് ഇപ്പോഴും കൊണ്ടുവന്നിരിക്കുന്നത്.

സർ, പത്രങ്ങളൊക്കെ നികുതിയില്ലാത്ത ബഡ്ജറ്റ് മിച്ചമുള്ള ബഡ്ജറ്റ് എന്നൊക്കെ എഴുതികണ്ടു. ഇവിടെ മന്ത്രിയും പറഞ്ഞു, ഇതു ഒരു സർപ്ലസ് ഉള്ള ബഡ്ജറ്റ് ആണെന്ന്; പത്തുകോടിരൂപ സർപ്ലസ് ഉള്ള ബഡ്ജറ്റ് ആയിരിക്കുമെന്ന്. പത്തുകോടി രൂപ സർപ്ലസ് വരുത്തുന്നതിനുവേണ്ടി ജനങ്ങളുടെമേൽ 14 കോടി രൂപ അധിക നികുതി ചുമത്തേണ്ട ആവശ്യമുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഏതു സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഇതു ഏർപ്പെടുത്താൻ തീരുമാനിച്ചതെന്ന് അറിഞ്ഞാൽ കൊള്ളാം. ഇവിടെ പാവപ്പെട്ട ആളുകളെക്കുറിച്ച് 62½ ശതമാനം ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ആളുകളെക്കുറിച്ച്—വേദന പ്രകടിപ്പിച്ചുകൊണ്ടാണ് ബഹുമാന്യയായ ഗവർണ്ണറും അതുപോലെതന്നെ ധനകാര്യമന്ത്രിയും ഇവിടെ പ്രസംഗങ്ങൾ നടത്തിയത്. ഈ വർദ്ധിപ്പിച്ച നികുതി എത്തിച്ചേരുന്നത് ഈ പാവപ്പെട്ട ആളുകളുടെമേൽ ആണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ച നികുതിയുടെ ഫലമായി ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് ഒരുനേരത്തെ ജീവിതത്തിൽ ഉപയോഗിക്കേണ്ടിവരുന്ന വസ്തുക്കളുടെ വില പോലും വർദ്ധിച്ചിട്ടില്ലെന്നു പറയുന്നതു ശരിയല്ല. പതിനാലരക്കോടി രൂപയുടെ നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതുമാത്രവുമല്ല, പത്രങ്ങളെക്കൊണ്ടു എഴുതിപ്പിക്കാൻ ധനകാര്യമന്ത്രിക്കു സാധിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ വിനോദം. ജനങ്ങളെ വഞ്ചിച്ചുകൊണ്ട്, കൊണ്ടുവന്നിരിക്കുന്ന ഈ പുതിയ നികുതിമൂലം ഒരു പുതിയ സമ്പദായത്തിനു പ്രവർത്തനശൈലിക്കു രൂപം കൊടുത്തിരിക്കുകയാണ്. ഈ വർഷത്തിൽ ഒരു പുതിയ നികുതി കൊണ്ടുവരുന്നുണ്ട് എന്ന് ബഡ്ജറ്റ് പ്രസംഗത്തിലും അസംബ്ലിയിൽ നടന്ന ചർച്ചകൾക്ക് മറുപടിയായും വെളിയിൽ പത്രങ്ങളിൽ വന്ന ആരോപണങ്ങൾക്ക് മറുപടിയായും ഈ വർഷത്തേക്ക് മാത്രമാണെന്നു പറഞ്ഞിട്ടുണ്ട്. ഈ വർഷം ഇന്നയിന്ന ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഇന്നയിന്ന ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുന്നതുകൊണ്ട് ഉള്ള പ്രയോജനം പാവപ്പെട്ട ആളുകൾക്കാണ്. അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന നികുതിയാണ് ഈ ബഡ്ജറ്റിൽ ചുമത്തിയിരിക്കുന്ന പുതിയനികുതി ജനങ്ങൾ അംഗീകരിക്കണം എന്നു പറഞ്ഞ് സാമാന്യജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു. അടുത്ത വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇതു ശാശ്വതമായ ഒരു പരിപാടിയായി ആക്ടിൽ ഭേദഗതി കൊണ്ടുവന്ന് ഈ സഭയെക്കൊണ്ടു അംഗീകരിപ്പിക്കുന്നു. ജനങ്ങളോടു കള്ളം പറഞ്ഞ് ജനങ്ങളെ വഞ്ചിച്ചുകൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പുതിയ സമീപനംകൂടി ഈ ബില്ല് അവതരിപ്പിച്ചതോടുകൂടി ആവിഷ്കരിച്ചിരിക്കുകയാണ്. വളരെ ഗൗരവത്തോടുകൂടി ഇതിലെ അപകടം ജനങ്ങളും പത്രങ്ങളും ഈ സഭയും മനസ്സിലാക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. ഒരു ടാക്സ് എന്തെങ്കിലും പേരു പറഞ്ഞുകൊണ്ട് ഒരു വർഷത്തേക്കുമാത്ര എന്നുപറഞ്ഞ് ജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുകയും അടുത്ത വർഷത്തിൽ ആക്ടിൽ ഭേദഗതി കൊണ്ടുവന്ന് സ്ഥിരമായി അംഗീകരിപ്പിക്കുകയും ചെയ്തു. നികുതി വർദ്ധിപ്പിക്കുകയില്ല എന്നു പറയുകമാത്രമല്ല പത്രങ്ങളെക്കൊണ്ട് എഴുതിപ്പിക്കുകയും ചെയ്തു. ഇത് അപകടംപിടിച്ച ഏർപ്പാടാണ്. ഇതിനെ സംബന്ധിച്ചിടത്തോളം പത്രങ്ങൾ മാത്രമല്ല, ബഹുജനസംഘടനകളും ഇതിനെതിരായി ശക്തമായി അണിനിരക്കണം. പുതിയനികുതികളൊന്നും ഏർപ്പെടുത്തുന്നില്ല എന്നു പറഞ്ഞിട്ട് പതിനാലരക്കോടി രൂപയുടെ നികുതി വർദ്ധനവ് ഏർപ്പെടുത്തിയിരിക്കുകയാണ്. ജനങ്ങളെ ഈ വഞ്ചന അറിയിക്കാൻ ഇവിടത്തെ രാഷ്ട്രീയ പാർട്ടികളും പത്രങ്ങളും തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്. കഴിഞ്ഞവർഷം പത്തുകോടിരൂപ അധികനികുതി ചുമത്തിയിരുന്നതാണ്. ഈ വർഷം പതിനാലരക്കോടിയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ നികുതി വർദ്ധിപ്പിച്ചിട്ടില്ലെന്നു പറഞ്ഞു.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ രാജ്യത്തെ പത്രങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്? ഞങ്ങൾ പറഞ്ഞാൽ ഉടനെ എഴുതുന്നതാണ് ഇവിടത്തെ പത്രങ്ങളൊക്കെ ഉള്ളത് എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അർത്ഥം? ബഹുമാനപ്പെട്ട വരദരാജൻനായർ പറയുന്നത് പത്രങ്ങളൊക്കെ എഴുതുമെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു, ഞങ്ങൾ പറയുന്നതെല്ലാം എഴുതുകയാണോ പത്രങ്ങളുടെ ധർമ്മം എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെനിന്ന്, പത്രങ്ങൾ കാളാശ്ശേരി ബിൽ എന്ന് എഴുതിയതു ശരിയായില്ല, മര്യാദയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നൊക്കെ ഭീഷണിരൂപത്തിൽ പറഞ്ഞത് ബഹു: മെമ്പർ ഓർക്കുന്നില്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതു ബഹുമാനപ്പെട്ട മെമ്പറുടെ ദുർവ്യാഖ്യാനമാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ദുർവ്യാഖ്യാനം അല്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: വ്യാഖ്യാനം ആണ്. പത്രങ്ങൾ ഓരോന്നും വ്യാഖ്യാനിക്കും. പതിനാലരക്കോടി രൂപ സാധാരണ ജനങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന സാധനങ്ങൾ വാങ്ങേണ്ടിവരുമ്പോൾ, കൊടുക്കേണ്ടിവരുന്ന അവസ്ഥ ശാശ്വതമായി തുടർന്നു വരുന്നു. ഈ വർഷത്തിലും അത് തുടരുന്നതിനുവേണ്ടി വ്യവസ്ഥ ഉണ്ടാക്കുന്ന ഈ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു. ഇവിടെ മുമ്പ് പറഞ്ഞ കാര്യങ്ങൾതന്നെയാണ് എതിർപ്പിന് അടിസ്ഥാനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇപ്പോൾ പറഞ്ഞു, ദുർവ്യാഖ്യാനം എന്ന്. എന്തു പറഞ്ഞാലും ദുർവ്യാഖ്യാനം എന്ന വാക്കുകൊണ്ട് സാധൂകരണം കൊടുക്കുന്ന പ്രവണതയാണ് ഉള്ളത്. അതിന്റെ അടുത്ത ഉദാഹരണമാണ് ഇപ്പോൾ പറഞ്ഞത്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ യാതൊരു ദുർവ്യാഖ്യാനത്തിനും ഇടയില്ലാത്ത നിലയ്ക്ക് ധനകാര്യകമ്മീഷൻ റിപ്പോർട്ട് വരുന്നതോടുകൂടി ഇത് അവസാനിപ്പിക്കാൻ സാധിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിന്റെ ചർച്ച അവസാനിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ. കെ. ആന്റണിയും അന്നത്തെ ധനകാര്യമന്ത്രി ഹേമചന്ദ്രനും ഒക്കെ ചെയ്ത പ്രസംഗം നമുക്കിവിടെ വായിക്കാൻ കിട്ടും. ആ പ്രസംഗങ്ങൾ ഇന്ന് ഞാൻ നോക്കുകയുണ്ടായി. ധനകാര്യകമ്മീഷൻ തങ്ങളോടു നീതി ചെയ്യുമോ എന്നുള്ള സംശയമായിരുന്നു അന്ന് ഉടനീളം. ധനകാര്യകമ്മീഷൻ നീതി ചെയ്തുവെന്ന് ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ യാതൊരു സംശയത്തിനും ഇടയില്ലാത്തരീതിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മാത്രമല്ല, ധനകാര്യക്കമ്മീഷൻ തങ്ങളോടു നീതിചെയ്തതിന്റെ ഫലമായി സാമ്പത്തിക ഭദ്രത ഉണ്ടാകുകയും ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ കഴിഞ്ഞ പ്രാവശ്യം ധനകാര്യക്കമ്മീഷൻ നീതിചെയ്യുമോയെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിട്ടുള്ള ഒരു നികുതി, ധനകാര്യക്കമ്മീഷൻ നീതിചെയ്തുവെന്ന് തികച്ചും സംതൃപ്തിയോടുകൂടി രേഖപ്പെടുത്തിയിട്ടും, ഇപ്പോഴും കൊണ്ടുവന്നിരിക്കുകയാണ്".

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): മുഴുവൻ വായിച്ചിട്ടാണോ പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വായിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഈ നിയമം കൊണ്ടുവന്നതിനുശേഷം നിയമസഭയ്ക്കകത്ത് പ്രതിഷേധം ഉണ്ടായി. പ്രതിപക്ഷപാർട്ടികളും എതിർത്താൽ പ്രതിപക്ഷപാർട്ടികളുടെ ജോലി എതിർപ്പ് ആണ്, അതുകൊണ്ട് ഞങ്ങളും അത് സ്വീകരിക്കേണ്ട കാര്യമില്ല എന്നു പറഞ്ഞു. പ്രതിപക്ഷപാർട്ടികളും മാത്രമാണോ എതിർത്തത്? ഈ രാജ്യത്തെ കച്ചവടക്കാരും എതിർത്തു. കച്ചവടക്കാർ എല്ലാം പ്രതിപക്ഷപാർട്ടിയിൽപ്പെട്ട ആളുകളാണെന്നു പറഞ്ഞാൽ കേൾക്കാൻ സുഖമുള്ള കാര്യമാണെങ്കിലും ഞങ്ങളും അത് വിശ്വസിക്കുന്നില്ല. പ്രതിപക്ഷപാർട്ടികളിലും ഭരണപക്ഷ പാർട്ടികളിലും വിശ്വസിക്കുന്ന ആളുകളും അടങ്ങുന്നതാണ് കച്ചവടക്കാരുടെ സംഘം. അവർ സ്റ്റേറ്റിന്റെ അടിസ്ഥാനത്തിൽ ഹർത്താൽ അനുഷ്ഠിച്ചു. പതിനായിരക്കണക്കിനു അവരുടെ പ്രതിനിധികളും വന്ന് വിൽപ്പന നികുതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രകടനം നടത്തുകയുണ്ടായി. അവർക്കും ഗവൺമെന്റ് നൽകിയിരുന്ന ഉറപ്പ് ഒരു വർഷക്കാലത്തേക്കു മാത്രമുള്ള ഒരു ഏർപ്പാടാണ് എന്നാണ്. ആ ഉറപ്പിനെ എല്ലാം ലംഘിച്ചുകൊണ്ടാണ് ഇപ്പോൾ വീണ്ടും കൊണ്ടുവന്നിരിക്കുന്നത്. അന്ന് കൂട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന പത്തുകോടി ഉറുപ്പികയ്ക്കു പകരം പതിനാല് കോടി ഉറുപ്പിക പ്രതീക്ഷിക്കുന്ന നിലയ്ക്ക് ഈ അഡീഷണൽ സെയിൽസ് ടാക്സ് നിയമത്തിന്റെ കാലാവധി നീട്ടികൊണ്ട് പുതിയ നികുതി കൊണ്ടുവന്നിരിക്കുകയാണ്. പുതിയ നികുതി ഒന്നും ചുമത്തുന്നില്ല എന്നു പറഞ്ഞതിനു അർത്ഥമില്ല. പത്തുകോടി കഴിഞ്ഞ വർഷത്തോടുകൂടി അവസാനിപ്പിക്കുന്ന വരുമാനമായിരുന്നു എന്നു ഗവൺമെന്റ് പറഞ്ഞിരുന്നതാണ്. അഡീഷണൽ സെയിൽസ് ടാക്സ് കൊണ്ടുവന്നത്, പുതിയ വരുമാന മാർഗ്ഗമാണ്; നികുതിയാണ്. ഈ നികുതിയാണെങ്കിലോ സാധാരണ ഉപഭോക്താക്കളായ ജനങ്ങളുടെ തലയിൽ നിന്നു ഈടാക്കുന്ന നികുതിയാണ്.

രസകരമായിട്ടുള്ള ഒരു കാര്യം പറയാനുണ്ട്. മുൻ ധനകാര്യമന്ത്രിയെ അവിടെ കാണുന്നില്ലല്ലോ. ബഡ്ജറ്റ് ചർച്ചക്ക് മറുപടി പറഞ്ഞുകൊണ്ട് അന്ന് അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗത്തിൽനിന്ന് ഒന്നുരണ്ടു ഭാഗങ്ങളും ഞാൻ വായിക്കാം. "കേന്ദ്രഗവൺമെന്റ് വിൽപ്പന നികുതി കൊണ്ടുവന്ന് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുകയാണ്. വിൽപ്പന നികുതി നിസ്സാര കാര്യമല്ല. ഉപ്പുതൊട്ട് കർപ്പൂരംവരെ എല്ലാറ്റിനേയും പിടികൂടുന്ന ചെകുത്താനാണത്;" ചെകുത്താൻ ആണെന്നാണ് അദ്ദേഹം അതേപ്പറ്റി പറഞ്ഞത്. ബ്രിട്ടീഷ് സാമ്രാജ്യത്തെപ്പറ്റി മഹാത്മാഗാന്ധി പണ്ടു പറഞ്ഞ വാക്ക് ചെകുത്താൻ എന്നാണ്. അദ്ദേഹത്തിന്റെ ശിഷ്യൻ ഇപ്പോൾ ചെകുത്താൻ എന്നു പറയുന്നത് ബ്രിട്ടീഷ് സാമ്രാജ്യത്തെയല്ല. ബ്രിട്ടീഷ് സാമ്രാജ്യത്തെ പോലെതന്നെ ആപൽക്കാരിയെന്നു വിചാരിക്കേണ്ട വിൽപ്പന നികുതിയെപ്പറ്റി അദ്ദേഹത്തിന്റെ പരാമർശമാണ്. അത് മാത്രമാണോ—"ഗ്രാമപ്രദേശങ്ങളിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ക്രൂരമായ നികുതിയാണത്." ഏത്? വിൽപ്പനനികുതി. ഈ വിൽപ്പന നികുതി അന്ന് ചുമത്തുന്നതിനെതിരായി ശബ്ദം ഉണ്ടായതിനുശേഷവും അദ്ദേഹത്തിന്റെ അഭിപ്രായം അത് ചെകുത്താനാണ്, എന്നാണ്. ഈ നികുതി ജനങ്ങളുടെ മേൽ ചുമത്തിയത് ഏറ്റവും ക്രൂരമായ ഏർപ്പാടാണ്. അത് വർദ്ധിപ്പിക്കതെയെങ്കിലും ഇരിക്കണം; എന്ന് അദ്ദേഹം പറഞ്ഞു. എന്താണ് പറയാൻ കാരണമെന്ന് അറിയാമോ? പ്രതിപക്ഷങ്ങളോടുള്ള മറുപടി ആയിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതു്, വർദ്ധിപ്പിക്കാതിരിക്കണമെന്നു് പറഞ്ഞിട്ടു് ഇവിടെ വർദ്ധിപ്പിച്ചു. അതു് വർദ്ധിപ്പിച്ചതിനുശേഷം അന്നു് അതിനു് ന്യായം പറഞ്ഞതു് 23 കോടി രൂപ കേന്ദ്രഗവൺമെന്റു് സെയിൽസു് ടാക്സിൽ ഭേദഗതി വരുത്തിയതിന്റെ ഫലമായിട്ടു് നമുക്കു് ഇല്ലാതാക്കി എന്നാണു്. അങ്ങനെ ഇല്ലാതാക്കിയ സംഖ്യകൊണ്ടുണ്ടായിട്ടുള്ള കുഴപ്പം തീർക്കാൻ കൊണ്ടുവന്നിട്ടുള്ള ഏർപ്പാടാണു്. അങ്ങനെ കേന്ദ്രഗവൺമെന്റു് ചെയ്ത വിന നാട്ടുകാർ അനുഭവിക്കേണ്ടിവന്നതിനു് ഞങ്ങളല്ല ഉത്തരവാദികൾ എന്നൊക്കെയാണു് അന്നു് പറഞ്ഞതു്. ആ കേന്ദ്രഗവൺമെന്റുതന്നെ ഇപ്പോൾ ധനകാര്യകമ്മീഷൻ ഇപ്പോൾ നമ്മുടെ സാമ്പത്തിക നില ഭദ്രമാക്കാൻ നടപടിയെടുത്തു. അതു് വളരെ സ്വാഗതാർഹമായിട്ടുള്ള നടപടിയാണു് എന്ന നിലയ്ക്കു് ഈ ബഡ്ജറ്റിൽ എഴുതി ചേർത്തതിനു് ശേഷവും ചെകുത്താൻ എന്നു് വിശേഷിപ്പിക്കപ്പെട്ട ആ വിൽപ്പന നികുതി വീണ്ടും വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം പുതിയതായി എടുത്തിരിക്കുകയാണു്. ആ ഭാഗത്തു് ചില പ്രസംഗങ്ങളുണ്ടായി. ഒരാളെ ഇവിടെ കാണാനില്ല. ശ്രീ. ലൂക്കോസു് അദ്ദേഹത്തിന്റെ പ്രസംഗം ശ്രീ. ഹേമചന്ദ്രൻ ആവർത്തിച്ചു. അദ്ദേഹം പ്രസംഗിച്ചപ്പോൾ കാളിദാസന്റെ സുപ്രസിദ്ധമായിട്ടുള്ള ഒരു പദ്യം എടുത്തു മലയാളത്തിൽ ചൊല്ലി. മലയാളം എനിക്കു് നിശ്ചയമില്ലാത്തതുകൊണ്ടു് ഞാൻ സംസ്കൃതത്തിൽ ചൊല്ലാം.

"ഏകോഹി ദോഷോ ഗുണ സന്നിപാതേ
നിമജ്ജ തീന്ദോ കിരണേഷ്വിവാങ്കഃ:

അതായതു്—ചന്ദ്രകിരണങ്ങളിൽ ചന്ദ്രന്റെ കളങ്കംപോലെ ഒരു ദോഷം ആയതുകൊണ്ടു് കുഴപ്പമില്ല. ഗുണസന്നിപാതത്തിൽ, ഗുണസംഘാതത്തിൽ ഗുണങ്ങളുടെ സമാഹാരത്തിൽ അതു മുഴുവനും മുങ്ങിപ്പോകുമെന്നാണു് പറഞ്ഞതു്. ചന്ദ്രകിരണങ്ങളിൽ ചന്ദ്രന്റെ കളങ്കം മുങ്ങിപ്പോകുന്നതുപോലെ ഏതെങ്കിലും ഒരു ദോഷം ഗുണക്കൂട്ടത്തിൽ മുങ്ങിപ്പോകും. അങ്ങനെ ഒരു ദോഷം, ഈ നികുതി ചുമത്തിയതു്—ഈ ബഡ്ജറ്റു് കൊണ്ടുവന്നിട്ടുള്ള നിരവധി ഗുണങ്ങളിൽ മുങ്ങിപ്പോകും, സാരമില്ലെന്നാണു്, അതിന്റെ ഗുണഗണങ്ങളെപ്പറ്റി ഇവിടെ പ്രസംഗിച്ചു. ഇതു് ബഡ്ജറ്റു് പ്രസംഗത്തിന്റെ വേദിയാക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ടു് ഞാൻ അതിലേക്കു കടക്കുന്നില്ല. എന്തെല്ലാമോ ചെയ്യുന്നതിനു വേണ്ടിയാണു് ഈ നികുതി വർദ്ധിപ്പിച്ചതു്, അതു് ജനങ്ങൾക്കു് എത്രത്തോളം ഗുണകരമാകുമെന്നുള്ള കാര്യങ്ങളെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞു. അങ്ങനെ ഈ സംസ്കൃതശ്ലോകം ചൊല്ലിയതുതന്നെ മലയാളത്തിൽ ശ്രീ. ഹേമചന്ദ്രൻ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ആവർത്തിക്കുകയും ചെയ്തു. അങ്ങനെ ഒരുപാടു ഗുണങ്ങളും കൊണ്ടുവരുമ്പോൾ ഒരു ചെറിയ ദോഷം വരുത്തിയാലും സാരമില്ലെന്നു കണക്കാക്കാവുന്ന തരത്തിലുള്ള ഒരു നികുതിയല്ല ഇതു്. അതുകൊണ്ടാണു് ഈ ബിൽ ആകെ പിൻവലിക്കണമെന്നു് ഞങ്ങളും പറയുന്നതു്. ഈ ബിൽ കഴിഞ്ഞ പ്രാവശ്യത്തെ അപേക്ഷിച്ചു് ഈ ബഡ്ജറ്റു് ചർച്ച പൂർത്തിയാകുന്നതിനുമുമ്പു് തന്നെ കൊണ്ടുവന്നു് പാസ്സാക്കാനാണു് ശ്രമം. ബഡ്ജറ്റിന്റെ ചർച്ചയെല്ലാം പൂർത്തിയായി പിന്നീടു് ഒരു അവസരത്തിൽ കൊണ്ടുവന്നാൽ അത്രയും സംഖ്യപിരിക്കാൻ സാധിക്കാതെ വന്നാലോ എന്നു് കരുതി ഇപ്പോൾതന്നെ അടിക്കുന്നതിനുവേണ്ടി തീരുമാനമെടുത്തു. ഈ ബിൽ ബഡ്ജറ്റിലെ മറ്റു സംഗതികളെല്ലാം മാറ്റിവച്ചുകൊണ്ടു് ഇപ്പോൾതന്നെ പാസ്സാക്കാൻ നടപടിയെടുത്തിരിക്കുകയാണു്. സർ, വിൽപ്പന നികുതി അധാർമ്മികമായിട്ടുള്ള നികുതിയാണെന്നു് എല്ലാവരും സമ്മതിക്കുന്ന കാര്യമാണു്. തങ്ങൾ അധികാരത്തിൽ വന്നാൽ വിൽപ്പനനികുതി

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകളയുമെന്നാണ് ജനതാപാർട്ടിയുടെ തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നത്. ആ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളൊക്കെ നടന്നില്ലെന്ന് വിമർശിക്കുന്ന പാർട്ടികളാണ് അപ്പുറത്തിരിക്കുന്നത്. ഞങ്ങളും അതിനെ ശക്തിയായി വിമർശിക്കുന്നു. തിരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും ചെയ്തില്ല. വിൽപ്പന നികുതിയടക്കമുള്ള പരോക്ഷ നികുതികളുടെ തോത് വർദ്ധിപ്പിച്ച് ജനങ്ങൾക്കെതിരായി വന്നിച്ച ആക്രമണം കേന്ദ്രഗവൺമെന്റ് നടത്തിയിരിക്കുന്നു. ആ ആക്രമണത്തിന്റെ പ്രതിധ്വനി ഇവിടെയും കേട്ടു. ആ ആക്രമണം നടത്തിയ കേന്ദ്രഗവൺമെന്റിനെ ശക്തിയായി എതിർക്കുന്ന കാര്യത്തിൽ വളരെ ജാഗ്രത കാണിക്കുന്ന അപ്പുറത്തിരിക്കുന്ന ആളുകളും അതേ തോതിലുള്ള, അതേ രൂപത്തിലുള്ള ആക്രമണം ഇവിടെ നടത്തുന്ന ഗവൺമെന്റിനെതിരായി ഒരൊറ്റ അക്ഷരവും സംസാരിക്കുന്നില്ല. പ്രതിപക്ഷങ്ങളുടെ ജോലി എതിർക്കുക എന്നുള്ള രീതിയിൽ ഇതിനെ തള്ളിക്കളയരുത്. നിങ്ങൾ പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ സംഖ്യ ഇപ്പോൾ കള്ളുഷാപ്പ് ലേലത്തിൽ കിട്ടിയിട്ടുണ്ടല്ലോ. ബഡ്ജറ്റിൽ കാണിച്ചതിനെക്കാൾ വളരെ ഇരട്ടി കിട്ടിയിട്ടുണ്ട്. ആ കിട്ടിയിട്ടുള്ള സംഖ്യയെങ്കിലും വച്ചുകൊണ്ട് ഈ 14 കോടി രൂപ വേണ്ടെന്നുവയ്ക്കണം. അങ്ങനെ ജനങ്ങൾക്ക് എതിരായിട്ടുള്ള ഈ ആക്രമണത്തിന് അറുതിവരുത്തണം. എന്നുള്ളതുകൊണ്ടാണ് ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നത് ഈ ബില്ലിൽ മറ്റൊരു കാര്യവുമില്ല. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നാണ് ഇപ്പോൾ ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് പിൻവലിക്കാത്തിടത്തോളം, കൂടുതൽ പുതിയ നികുതികൾ ഇല്ലെന്നുള്ള അവകാശവാദം തന്നെ പൊള്ളയാണെന്ന് മാത്രമല്ല വഞ്ചനയും കൂടിയാണ്. മാത്രമല്ല ഭീരുത്വമാണ്. ഒരു കൊല്ലത്തേക്കെന്നെ അന്ന് പറഞ്ഞു. പുതിയ നികുതികൾ ഒന്നും ഇല്ലെന്ന് ഇന്നും പറഞ്ഞു. എന്നിട്ട് കൊണ്ടുവരുന്നതോ പത്തുപതിനാലു കോടിയിൽപ്പരം ഉറുപ്പിക ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് പിരിക്കാൻ വേണ്ടിയാണ്. തന്നേടത്തോടുകൂടി പറയാൻ പാടില്ലേ? ഇന്നയിന്ന കാര്യങ്ങളൊക്കെ ചെയ്യുന്ന ഞങ്ങൾ ഈ നികുതി കൊണ്ടുവരുന്നതിൽ ജനങ്ങൾ ക്ഷമിക്കണം എന്ന്. "ജനങ്ങൾ ഞങ്ങളുടെ കൂടെയല്ലേ"....ആ ജനങ്ങൾ ക്ഷമിക്കാതിരിക്കുമോ? അങ്ങനെ തന്നേടത്തോടുകൂടി പറയാനുള്ള തന്നേടംപോലും ധാർമ്മികമായി നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഭീരുത്വപൂർണ്ണമായി പുതിയ നികുതികളൊന്നും ഇല്ലെന്നു പറയുകയും, ഇപ്പോൾ പുതിയ നികുതി കൊണ്ടുവരുകയും ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ പുതിയ നികുതി നിർദ്ദേശങ്ങൾ അടങ്ങുന്ന ബിൽ പിൻവലിക്കണമെന്നുള്ള നിർദ്ദേശം ഒന്നുകൂടി ഞാൻ ഗവൺമെന്റിന്റെ മുമ്പാകെ അവതരിപ്പിക്കുന്നു.

ശ്രീ. കെ. അനിരുദ്ധൻ: സർ, വീണ്ടും ഒരു കൊല്ലത്തേക്കുകൂടി നീട്ടിക്കൊണ്ടുവരുന്ന ഈ പെയ്മെന്റ്സ് ടാക്സ് (ഭേദഗതി) ബില്ലിനെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലും, മുൻധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിലും പരാമർശിച്ച, കള്ളമാണെന്ന് ഇവിടെ അഭിപ്രായം വന്നെങ്കിലും സത്യവുമായി ബന്ധമില്ലാത്ത പല കാര്യങ്ങളും നമ്മൾ ഇവിടെ ചർച്ച ചെയ്തു. അതേക്കുറിച്ച് പറയാനുള്ളത്, ഇത് ഒരു അധാർമ്മികമായ ഒരു ജനാധിപത്യ ക്രമത്തിൽ ഒരിക്കലും ചെയ്തു കൂടാത്ത ജനങ്ങൾക്കെതിരായ ഒരു നടപടിയാണ് എന്നാണ്. 1-4-75-ൽ അന്നുള്ള നികുതിയുടെ പുറത്തു 10 ശതമാനം നികുതി കയറ്റിവച്ചിട്ടാണ് മുൻധനകാര്യമന്ത്രി സത്യമായി പറഞ്ഞത്, ഇന്നി മേലാൽ ഇതുകൊണ്ടുവരികയില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. ഇതു തീർച്ചയായും 31-3-79 വരെ മാത്രമേ ഉള്ളൂ എന്ന് അന്നു പറഞ്ഞു. വലിയ വഴക്കുണ്ടായി സർ അന്ന് നമ്മുടെ ഈ സഭയിലല്ല, പുറത്ത്. കൊച്ചു കച്ചവടക്കാർ, വലിയ കച്ചവടക്കാർ എല്ലാം ഒന്നിച്ചു കൂടി. എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാരും ഇപ്പുറത്തുള്ളവരും അപ്പുറത്തുള്ളവരും എല്ലാം അവരുടെ കൂടെ കൂടി. കോട്ടയത്തു വച്ചും തൃശ്ശൂരുവച്ചും ഇങ്ങോട്ടു തിരിച്ച ജാഥക്കാരെ മാലയിട്ടു. അന്നു രണ്ടായി പിരിഞ്ഞിട്ടില്ലാത്ത കോൺഗ്രസും, കേരളത്തിന്റെ പേരു പറഞ്ഞു നിൽക്കുന്ന കേരളാ കോൺഗ്രസും, ഒട്ടും മോശമല്ലാതെ അതിന്റെ മുൻനിരയിൽ കൂടി. ഞങ്ങളുടെ കൂട്ടരും പോയി. ആളുകളുടെ പുറത്തു കയറി വയ്ക്കുന്ന അധിക നികുതി താങ്ങാനാകുകയില്ല എന്നുള്ളതായിരുന്നു ഒന്നെങ്കിൽ, അതിനു കൈയിൽ കിട്ടിയ ഉപകരണമായി കച്ചവടക്കാരെയാണു പ്രേരിപ്പിച്ചു വിട്ടത്. ഇവിടെ സെക്രട്ടേറിയറ്റു നടയിൽ ഗംഭീരമായ പ്രകടനം നടത്തി. പ്രത്യേകിച്ചും ഭരണകക്ഷിയിൽ ഇരിക്കുന്നവർ താൽപ്പര്യപൂർവ്വം ആവേശകരമായി പങ്കെടുത്തു. ഇതു നടപ്പിലാക്കിയാൽ ഈ സെക്രട്ടേറിയറ്റിന്റെ അസ്ഥിവാരം ഇടിച്ചു തെറിപ്പിച്ചു കളയുമെന്നു പറഞ്ഞു. അന്നത്തെ മന്ത്രി ആണയിട്ടുകൊണ്ടു പറഞ്ഞു. ഇത് 31-3-79-ൽ നിർത്തിതരുമെന്ന്. നിർത്തുന്നില്ല സർ. നമ്മുടെ ധനകാര്യമന്ത്രി ബഹുമാനപ്പെട്ട വരദരാജൻ നായരുടേയും, അദ്ദേഹത്തിന്റെ നേതാവ് ശ്രീ. ആൻറണിയുടേയും, ആൻറണിയുടെ അന്നത്തെ ഗവൺമെൻറിന്റെ നേതാവ് ശ്രീ. അച്യുതമേനോന്റെ ദീർഘമായ 7 കൊല്ലക്കാലത്തെയും, അതിനു മുൻപ് നമ്മുടെ സംസ്ഥാനത്തും ഇൻഡ്യയെ ഭരിക്കുമുള്ള അദ്ദേഹത്തിന്റെ നേതാക്കൻമാരുടെ 31 കൊല്ലക്കാലത്തെ ഗവൺമെൻറിന്റെയും ഭരണത്തിനിടയിൽ നമ്മുടെ നാട്ടിലെ കൊച്ചു കുട്ടികൾക്ക് ഒരു നേരത്തെ കഞ്ഞിപോലും കൊടുക്കാൻ കഴിയാത്തതിൽ അദ്ദേഹം സഹതപിക്കുന്നതു കണ്ടു. ഇന്നും നമ്മുടെ ഗവൺമെൻറിന് അതു കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതിയാണ്. അതിനുവേണ്ടിയുള്ള യാതൊരു സംവിധാനവും നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിൽ കണ്ടില്ല. ആ കുട്ടികളുടെ വീട്ടിൽ തീർച്ചയായും .....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): അന്നു സഹകരിച്ചാൽ മതി.

ശ്രീ. കെ. അനിരുദ്ധൻ: തീർച്ചയായും. ആ കുട്ടികളുടെ വീട്ടിൽ ആ കുട്ടികളുടെ തള്ളമാർ കൂലി വേല ചെയ്തു 4 രൂപ കൊണ്ടുചെന്നാൽ അതുകൊണ്ടുപോയി ഒരുകിലോ വിറകു വാങ്ങിക്കാനുള്ള കടയിൽ പോയാൽ എത്ര തട്ടു ടാക്സാണ് അവർ കൊടുക്കേണ്ടിവരുന്നതെന്നറിയാമോ? വലിയ തടിക്കച്ചവടക്കാർക്കു 4 ശതമാനം ടാക്സ്. കണ്ടമാനം കടത്തിക്കൊണ്ടു പോകാൻ സൗകര്യമുള്ളവർ, അതുപോലെതന്നെ പുറം രാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകാൻ സൗകര്യമുള്ളവർ വലിയ ഭീമമായ ആദായമുണ്ടാക്കുന്നു. കള്ള ആദായമുണ്ടാക്കുന്ന തടിക്കച്ചവടക്കാർക്കു 4 ശതമാനമാണ് ടാക്സ്. വെട്ടിയിറക്കിക്കൊണ്ടുവരുന്ന കൊത്തുവിറകിന് അവിടെ ഒരു ടാക്സ്; അവരുടെ ഒരു ലാഭം; അതു കഴിഞ്ഞ് പട്ടണത്തിലെ ആളുകൾ വിൽക്കുമ്പോൾ അവിടെയുള്ള ടാക്സ്. അതുകഴിഞ്ഞു വരുമ്പോൾ 30 പൈസയുടെ വിറകിന് പത്തും പതിനഞ്ചും പൈസ ടാക്സ് അല്ലെങ്കിൽ ലാഭം കൊടുത്താൽ മാത്രമേ വാങ്ങിക്കാൻ കഴിയുകയുള്ളൂ. നിങ്ങൾക്കു കൊടുക്കാൻ തീർച്ചയായും കഴിയാത്ത ഈ കഞ്ഞിപ്പിരിനു പകരം ഈ പാവപ്പെട്ടവർക്ക് അടുപ്പു കത്തിക്കാനുള്ള വിറകിനു ചുമത്തിയിരിക്കുന്ന ഈ നികുതി എങ്കിലും എടുത്തു കളയേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: ബഹുമാനപ്പെട്ട അംഗത്തിന്റെ അറിവിനുവേണ്ടി പറയുകയാണ്. വീട്ടാവശ്യത്തിനുള്ള വിറകിന് നികുതി ഇതിനകം കുറച്ചിട്ടുണ്ട്.

ശ്രീ. കെ. അനിരുദ്ധൻ: വീട്ടാവശ്യത്തിനുള്ള, എന്റെ ആവശ്യത്തിനും അങ്ങയുടെ ആവശ്യത്തിനുമുള്ള, വിറകിനു കൊണ്ടുവന്നിട്ടുള്ള നികുതി ഒഴിവാക്കേണ്ടതായിരുന്നു. മറുപടി പറയുമ്പോഴെ അതിനെപ്പറ്റി പറയൂ. എല്ലാ ചെലവിനും കാശു വേണം. എന്തിന് അറച്ചു നിൽക്കുന്നു? ഭൂതമോ അതുപോലെ എന്തോ ഒന്ന് ബാധിച്ചിരിക്കുന്നു എന്ന് ഇവിടെ പറഞ്ഞു. കേന്ദ്രഗവൺമെന്റിനെ ബാധിച്ചതിനെക്കാളും വലിയ ഭൂതമോ, ചാത്തനോ എന്തോ സംസ്ഥാന ഗവൺമെന്റിനെ ബാധിച്ചിരിക്കുന്നു. സൗകര്യങ്ങളും ഉള്ളവരുടെ ഭൂതമാണ് ഇവിടെ ബാധിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലോബി റബർ ലോബിയാണ്. അതുപോലെ മറ്റു പ്ലാന്റേഷൻ ലോബികളും. അവിടെ നികുതി ചുമത്താനും സെസ് ചുമത്താനും കഴിവില്ലേ? ഉപ്പിനും മുളകിനും കൊത്തമ്പാലിനും നികുതി ചുമത്തുന്ന സമ്പ്രദായം ആക്ഷേപാർഹമാണ്; അധാർമ്മികമാണ്; അതുമാറണം. സെയിൽസ് ടാക്സ് കൊടുക്കേണ്ടിവരുന്ന ആളുകളും, കണക്കെഴുതുന്ന ആളുകളും ഇവരെയെല്ലാം ബുദ്ധിമുട്ടിക്കുന്ന രീതിയാണ്; ഒരു നികുതി 4.5; വേറൊന്ന് 5 5; വേറൊന്നിന് പോയിന്റ് 12. ഇതെല്ലാംകൂടി ചേർത്ത് നിരപ്പായ രീതിയിൽ ഒരു റൗണ്ട് ഫിഗർ ആയിട്ട് ചുമത്തണം. ഗുലാത്തി കമ്മീഷൻ പറഞ്ഞു ഇത് എവിടെയെങ്കിലും കൊണ്ടുചെന്ന് ഒരുപോയിന്റ് ആക്കിയാൽകൊള്ളാം എന്ന്. റവന്യൂ ബോർഡിനോട് ഈ കാര്യത്തിൽ ആലോചിക്കാൻ പറഞ്ഞു. അവരാക്കാര്യത്തെക്കുറിച്ച് ആലോചിച്ചശേഷം സിംഗിൾ പോയിന്റ് ആക്കണമെന്നു റിപ്പോർട്ടു ചെയ്തതായിട്ടാണ് അറിവ്. ചില്ലറ സാധനങ്ങൾക്കു കൊണ്ടുവന്നിട്ടുള്ള, ആളുകൾക്ക് അസൗകര്യമുണ്ടാക്കുന്ന, കഴിഞ്ഞ കൊല്ലം കൊണ്ടുവന്നിട്ട് ഒരു കൊല്ലം കൊണ്ടു നിർത്തുമെന്നു പറഞ്ഞ, ഇപ്പോഴും തുടർന്ന് സ്ഥിരപ്പെടുത്താൻ പോകുന്ന അഡീഷണൽ ടാക്സ് ആക്ഷേപാർഹമാണ്. നേരിട്ടുപറയുന്നതിനുപകരം കൃത്രിമമായി വളച്ചുതിരിച്ചു പറഞ്ഞിരിക്കുകയാണ്; ഈ സംവിധാനം തെറ്റാണ്; ഈ കൊണ്ടുവന്നിരിക്കുന്ന നികുതി, താങ്ങാൻ വയ്യാത്തവരുടെ പുറത്താണ്; താങ്ങാവുന്നവരുടെ പുറത്തു നികുതി ചുമത്തി കാശുണ്ടാക്കുന്നതിനു പകരം ഈ രീതിയിൽ കൊണ്ടുവന്നതു തെറ്റാണ്. ഇതിനെ എതിർക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ നികുതി നിർദ്ദേശത്തെപ്പറ്റി പ്രതിപക്ഷത്തുനിന്നു സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാരെല്ലാവരും ചൂണ്ടിക്കാണിച്ചു ഇതു പുതിയ നികുതിയാണെന്ന്. ഇത് ഒരിക്കലും പുതിയ ഒരു നികുതി നിർദ്ദേശമാണെന്ന് എനിക്കു തോന്നുന്നില്ല. പുതിയ നികുതി എന്നുപറഞ്ഞാൽ കഴിഞ്ഞ കൊല്ലം ഇല്ലാത്ത, പുതിയതായി ഏർപ്പെടുത്തുന്ന, നികുതി എന്നാണർത്ഥം. ഇതു കഴിഞ്ഞകൊല്ലം സംസ്ഥാനത്തുണ്ടായിരുന്ന നികുതിയാണ്. അത് ഈ കൊല്ലവും തുടരുന്നു എന്നു മാത്രമേ ഉള്ളൂ.

ശ്രീ. ആർ. സുന്ദരേശൻ നായർ: കഴിഞ്ഞ വർഷത്തേക്കു മാത്രമാണെന്നു വ്യക്തമായി പറഞ്ഞുകൊണ്ട് കൊണ്ടുവന്ന നികുതി ഈ കൊല്ലത്തേക്കു വേണ്ടെന്നു പറഞ്ഞാൽ അതിനെന്താണു പേര്? അതിന് ഒരു പുതിയ പേരുകൂടി പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറഞ്ഞത് ശ്രീ. സുന്ദരേശൻ നായർ പറഞ്ഞതു തന്നെയാണ്. കഴിഞ്ഞ കൊല്ലത്തെ നികുതി ഇക്കൊല്ലവും തുടരുന്നതുതന്നെയാണ്. രണ്ടുംഒന്നുതന്നെയാണ്. കഴിഞ്ഞകൊല്ലം ഇല്ല ത്ത നികുതി ഇക്കൊല്ലംഉണ്ടാക്കിയിട്ടില്ല. അപ്പോഴും പുതിയ നികുതി നിർദ്ദേശം ഉണ്ടായിട്ടില്ല. ഇതുവാസ്തവത്തിൽ കഴിഞ്ഞകൊല്ലം ഉണ്ടായിരുന്ന നികുതി തുടരുന്നു എന്നു മാത്രമേയുള്ളു. ഞാൻ ചോദിക്കട്ടെ; ഈ നിയമസഭയിൽ വിവിധ കക്ഷികളുടെ ആളുകളും ഉണ്ട്. ഇക്കൊല്ലം എല്ലാ സംസ്ഥാനങ്ങളിലും പുതിയ നികുതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ജനതാ പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അതുണ്ട്. ജനതാ പാർട്ടി ഭരിക്കുന്ന കേന്ദ്രത്തിൽ, എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ചന്ദ്രശേഖരനുപോലും അംഗീകരിക്കാൻ കഴിയാത്ത നികുതി നിർദ്ദേശങ്ങളാണു കൊണ്ടുവന്നിട്ടുള്ളത്. അവിടെ ധനകാര്യമന്ത്രി ബഡ്ജറവതരിപ്പിച്ചതിന്റെ പിറ്റേ ദിവസം ജനതാ പാർട്ടിയുടെ നേതാവ് ശ്രീമാൻ ചന്ദ്രശേഖരൻ എറണാകുളത്തു ചെയ്ത പ്രസ്താവന ഞാൻ ഓർമ്മിക്കുന്നു. ഉപ്പിനും കർപ്പൂരത്തിനും സോപ്പിനും ചീപ്പിനും ഉള്ള ഈ നികുതി തൊറാണെന്ന് അദ്ദേഹം പറഞ്ഞു. ഏതായാലും ശ്രീ. ചന്ദ്രശേഖരന്റെ പാർട്ടി ഭരിക്കുന്ന കേന്ദ്രത്തിൽ അദ്ദേഹത്തിനു കൂടി അംഗീകരിക്കാൻ കഴിയാത്ത നികുതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അദ്ദേഹത്തിന് ഇതിനെ എങ്ങനെ എതിർക്കാൻ സാധിക്കും? ഒരു പുതിയ നികുതിയും ഇവിടെ ഇക്കൊല്ലം കൊണ്ടുവന്നിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് ബഹുമാനപ്പെട്ട രാമകൃഷ്ണനും എസ്തോസും അനിരുദ്ധനും സംസാരിച്ചു. ബംഗാളിലെ ഗവൺമെന്റ്, ഇക്കൊല്ലം നികുതി കൊണ്ടുവന്നിട്ടില്ലേ? ബംഗാളിൽ പുതിയ പ്രൊഫഷണൽ ടാക്സ് വരെ കൊണ്ടുവന്നു എന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. അനിരുദ്ധൻ: പത്രങ്ങളിൽ വന്നതും ബഡ്ജറു പ്രസംഗത്തിൽ ഞാൻ വായിച്ചതും 50 ലക്ഷത്തിൽക്കൂടുതൽ ടേണോവറുള്ള ആളുകൾക്കു മാത്രമേ പുതിയതായി കൊണ്ടുവന്നിട്ടുള്ളു എന്നാണ്. അതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അത് ഒരിനമാണ്. ഞാൻ ബാക്കിയുള്ള കാര്യങ്ങളും പറയാം. 500 ഉറുപ്പിക വരെ വരുമാനമുള്ളവർക്ക് 24 രൂപ പ്രൊഫഷണൽ ടാക്സ്, 500 ക. യിൽ കൂടുതലുള്ളവർക്ക് 250 ക. വരെയുള്ള പ്രൊഫഷണൽ ടാക്സ്. അതു കൊണ്ടുവന്നത് ബംഗാളിലെ ഗവൺമെന്റാണ്. മാത്രമല്ല ഒരു കോൺട്രാക്റ്റർ വർക്കാണെങ്കിൽ 50 ലക്ഷം വരെ മെറ്റീരിയൽസിനു വിലയുണ്ടെങ്കിൽ അതിന്റെ ഒരു ശതമാനം നികുതി. 50 ലക്ഷത്തിൽ കൂടുതലാണെങ്കിൽ 2 ശതമാനം നികുതി. നാലാമത് അവിടെ 7 ശതമാനമായിരുന്നു സെയിൽസ്ടാക്സ്; അത് 8 ശതമാനമായി വർദ്ധിപ്പിച്ചു എന്നു മനസ്സിലാക്കണം. നമ്മുടെ സംസ്ഥാനത്ത് 4 ശതമാനമാണു സെയിൽസ്ടാക്സ്. ആ 4 ശതമാനത്തിന്റെ കൂടെ 4 ശതമാനംകൂടി കഴിഞ്ഞ കൊല്ലത്തെ നികുതി തുടരുന്നു എന്നു പറഞ്ഞപ്പോഴും ഈ ഗവൺമെന്റ് കൊള്ളരുതാത്ത ഗവൺമെന്റായി; പിൻതിരിപ്പൻമാരുടെ ഗവൺമെന്റായി; തൊഴിലാളികളെയും കൃഷിക്കാരെയും സാധാരണക്കാരെയും കൊല്ലുന്ന ഗവൺമെന്റായി; ബംഗാളിലെ ഇടതുപക്ഷ ഗവൺമെന്റ്—അത് ഒരു ഇടതുപക്ഷ ഗവൺമെന്റാണ്, ഞാൻ സമ്മതിക്കുന്നു—ഈ പറഞ്ഞ നികുതി നിർദ്ദേശങ്ങളെല്ലാം ഇക്കൊല്ലം കൊണ്ടുവന്നപ്പോഴും അതിനു് ആക്ഷേപമില്ല, അതു നല്ല ഗവൺമെന്റാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്നേഹിതൻ എസ്തോസ് ഇവിടെ ചൂണ്ടിക്കാണിച്ചു. ബംഗാളുമായി ആലോചിക്കണം, ബംഗാളിന്റെ കൂടെ കൂടണം എന്നൊക്കെ പറഞ്ഞു. എന്തിനുവേണ്ടി കൂടണം? 7 ശതമാനം എന്നത് 8 ശതമാനമാക്കാൻവേണ്ടി കൂടണമെന്നാണോ എന്റെ സ്നേഹിതൻ എസ്തോസ് പറയുന്നത്? ഒരു കാര്യംകൂടി പറയട്ടെ. ബഡ്ജറ്റു ചർച്ചയിൽ ചിലർ ചൂണ്ടിക്കാണിച്ചു, ഈ ബഡ്ജറ് എന്തു ബഡ്ജറാണ്, നികുതിയില്ലെന്നുള്ളത് പുരോഗമനമൊന്നുമല്ല എന്ന്. നികുതിയില്ലെന്നുള്ളത് ഒരു വലിയ കാര്യമായി കണക്കാക്കേണ്ടതില്ല എന്നു പറഞ്ഞു. അവരുടെ ഇന്നത്തെ ആക്ഷേപമോ? ഇതു പുതിയ നികുതിയല്ലെന്ന് സമ്മതിച്ചുകൊണ്ടുതന്നെ ഞാൻ നിങ്ങളുടെ പുരോഗതിക്കുവേണ്ടി ഇതൊരു പുതിയ നികുതിയാണെന്നു സങ്കൽപ്പിച്ചാൽത്തന്നെ എന്താണു മനസ്സിലാക്കേണ്ടത്? രണ്ടു ദിവസത്തിനുമുൻപു പറഞ്ഞു, ഈ നിയമസഭയിൽത്തന്നെ പറഞ്ഞു, നികുതിയില്ലെന്നുള്ളത് ഒരു പുരോഗമനമോ നല്ലകാര്യമോ അല്ല എന്ന്. നികുതി കൊണ്ടുവന്നാൽ എന്താണു കുഴപ്പം എന്നു ചോദിച്ച പ്രതിപക്ഷം തന്നെ, കഴിഞ്ഞ കൊല്ലത്തെ നികുതി തുടരുന്നു എന്നു പറഞ്ഞപ്പോൾ തെറ്റാണെന്നാരോപിക്കുകയാണ്. കൊള്ളരുതാത്തതാണ്, ജനങ്ങൾക്കു ജീവിക്കാൻ കഴിയാത്ത വിധത്തിലുള്ളതാണ് എന്നൊക്കെ പറയുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് എനിക്കു പറയാനുള്ളത്, മാറിനി പ്രസംഗിക്കുമ്പോൾ ഒരു രണ്ടുനാലു ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടെങ്കിൽ ജനങ്ങൾ അതു മറക്കുമല്ലോ. അതുകൊണ്ട് അത്രയും ഗ്യാപ്പ് അനുവദിക്കേണ്ടതല്ലേ എന്ന് ആലോചിക്കണം. ബംഗാളിലെ ഗവൺമെൻറ് ഒരിടതുപക്ഷ ഗവൺമെൻറായതുകൊണ്ടാണ് ഞാൻ ആ സംസ്ഥാനത്തിന്റെ ഉദാഹരണം ഇവിടെ പറഞ്ഞത്. ഇവിടെ ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ പാർട്ടിക്കാണ് ഏറ്റവും വലിയ പരുന്തി. സർ, ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. രണ്ടു സംസ്ഥാനങ്ങളും മാത്രമേ നിങ്ങളുടെ കൈയിൽ ഉള്ളൂ. രണ്ടു സംസ്ഥാനങ്ങളും നികുതി കൊണ്ടുവന്നു. ആന്ധ്രയിൽ 30 കോടി രൂപയുടെ പുതിയ നികുതി കൊണ്ടുവന്നു. കർണ്ണാടകത്തിലും പുതിയ നികുതി കൊണ്ടുവന്നു.

(തടസ്സം)

ദേവസ്സിക്കുട്ടിക്കു പ്രയാസമുണ്ടാകുമെന്ന് എനിക്കറിയാം.

ദേവസ്സിക്കുട്ടിക്ക് പ്രയാസമുണ്ടെന്ന് സമ്മതിക്കുന്നു. പണ്ട് ദേവസ്സിക്കുട്ടി കർഷക സംഘം പ്രസിഡൻറായിരുന്നു. ഇന്നും കോൺഗ്രസ് (ഐ)—യുടെ കർഷകസംഘം പ്രസിഡൻറാണ്. ദേവസ്സിക്കുട്ടിക്ക് ഒരു കാര്യത്തിൽ പ്രയാസമുണ്ട്: ഇൻഡ്യയിലെ മുഴുവൻ കൃഷിക്കാരുടെ ആവശ്യമാണ്, കൃഷിക്കാർക്ക് നൽകുന്ന ലോണിന്റെ പലിശ ഇളവു ചെയ്യണമെന്നുള്ളത്. ഡെൽഹിയിൽ കുറെ ദിവസം മുൻപ് സഹകാരികളുടെ അഖിലേന്ത്യാ കോൺഗ്രസ് നടന്നു. അതിലെ നിർദ്ദേശമിതായിരുന്നു. അഖിലേന്ത്യാ കോൺഗ്രസ് കേന്ദ്രത്തിന്റെ മുമ്പിൽവച്ച നിർദ്ദേശം പലിശ ഇളവു ചെയ്യണമെന്നായിരുന്നു. എല്ലാ പാർട്ടിക്കാരും സഹകാരികളും ഉണ്ടായിരുന്നു. ഇൻഡ്യയിലെ മുഴുവൻ സഹകരണ പ്രസ്ഥാനത്തിന്റെ പ്രതിനിധികളുമുണ്ടായിരുന്നു. എന്റെ സ്നേഹിതൻ ശ്രീ. ബാലനടക്കം പങ്കെടുത്ത സമ്മേളനത്തിന്റെ തീരുമാനമാണ്. ആ തീരുമാനത്തിൽ ഒരു കാര്യംകൂടി പറഞ്ഞു. ഇതു ചെയ്യാൻ ഒരു സംസ്ഥാന ഗവൺമെൻറിനും സാധിക്കുകയില്ല; അതിനുള്ള സാമ്പത്തികസ്ഥിതി ഒരു സംസ്ഥാന ഗവൺമെൻറിനുമില്ല; അതു ചെയ്യാനുള്ള സാമ്പത്തിക സഹായം കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകണം എന്നാണ് അഖിലേന്ത്യാ സഹകാരികളുടെ കോൺഗ്രസ്സ് പാസ്സാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം. പക്ഷേ ആ പ്രമേയം പാസ്സാക്കി ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഇൻഡ്യയിൽ ആദ്യമായി ഒരു സംസ്ഥാന ഗവൺമെൻറ് പലിശ ഇളവു ചെയ്തുകൊടുത്തു. ആ സംസ്ഥാനമാണ് കേരളം എന്നു ഞാൻ ഇവിടെ പറയുകയാണ്. 3 ശതമാനം പലിശ ഇളവു ചെയ്തുകൊടുത്തു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ആർക്ക് ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ രാജ്യത്തെ പാവപ്പെട്ട കൃഷിക്കാർക്ക്. ശ്രീ. ദേവസ്സിക്കുട്ടിക്ക് അത് മനസ്സിലാകുകയില്ല; കൃഷിക്കാർ ഇല്ലാത്ത സംഘടനയുടെ പ്രസിഡൻറാണല്ലോ. ഈ രാജ്യത്ത് പാവപ്പെട്ട കൃഷിക്കാർക്ക് സഹായം ചെയ്തുകൊടുത്തതാണ്. കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയാണ് 3 ശതമാനം പലിശ ഇളവുചെയ്തു കൊടുത്തത്. അതിനുവേണ്ടി കഴിഞ്ഞകൊല്ലം ഉണ്ടാക്കിയ നികുതി തുടരുന്നു എന്നു പറഞ്ഞാൽ ദേവസ്സിക്കുട്ടിക്ക് സഹിക്കുകയില്ല. അതുപോലെതന്നെ കഴിഞ്ഞകൊല്ലം സംസ്ഥാനത്ത് ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണ് ? സപ്പോർട്ടു പ്രൈസിനെ നിങ്ങൾ പുച്ഛിച്ചുതള്ളി. പക്ഷേ അതുകൊണ്ടാണ് നെല്ല് ഉൽപാദിപ്പിക്കുന്ന കൃഷിക്കാർക്കും കപ്പ ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർക്കും ഇന്ന് ഈ വിലയെങ്കിലും കിട്ടാൻ ഇടയായത്. നെൽ കൃഷിക്കാരന് വില കൂട്ടിക്കിട്ടിയാലും കപ്പ കൃഷിക്കാരന് വില കൂട്ടിക്കിട്ടിയാലും ദേവസ്സിക്കുട്ടിക്കു സഹിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് അതിനുവേണ്ടി കഴിഞ്ഞകൊല്ലത്തെ നികുതി ഇക്കൊല്ലം തുടരുമെന്നു പറഞ്ഞാൽ ദേവസ്സിക്കുട്ടിക്കു സഹിക്കുകയില്ല.

കഴിഞ്ഞകൊല്ലം വിധവകളുടെ മക്കൾക്ക് വിവാഹത്തിന് ധനസഹായം നൽകി. എത്ര ആയിരം പാവങ്ങളുടെ മക്കളെയാണ് കല്യാണം ചെയ്തുകൊടുത്തത് ? അതിനുള്ള ആ നികുതിയെയാണ് എതിർക്കുന്നത്. അതിനെ എന്തിനാണ് എതിർക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. എസ്തോസ് തൊഴിലില്ലായ്മാവേതനത്തിൻറെ കാര്യം ചൂണ്ടിക്കാണിച്ചു. കഴിഞ്ഞകൊല്ലം കൊടുത്ത ജോലി ചെയ്തില്ല എന്ന കാരണത്താൽ തൊഴിലില്ലായ്മാവേതനം നിഷേധിക്കുന്നത് ശരിയാണോ എന്ന് ശ്രീ. എസ്തോസ് ചോദിച്ചു. ജോലി കൊടുക്കാൻ കഴിയാത്തതുകൊണ്ട്, അവരുടെ കഷ്ടപ്പാടോർത്ത് സഹായം ചെയ്യുന്നു. ജോലി കൊടുത്താൽ ചെയ്യണം—സർ, അങ്ങനെയുള്ള സ്കീമാണത്, ചിലർ ജോലിചെയ്യാൻ തയ്യാറാകുന്നില്ല. തുടക്കംമുതൽ ഈ സ്കീം കൊണ്ടുവന്ന കാലത്തുതന്നെ, ഗവൺമെൻറ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചതാണ് ജോലി ചെയ്യാത്തവർക്ക് കൊടുക്കുകയില്ലെന്ന്. അതിൽ പുതുമയൊന്നുമില്ല. മടിയൻമാർക്ക്, ഈ ജീവിതത്തിൽ ഞങ്ങൾ നന്നാകുകയില്ല എന്നു പറയുന്നവർക്ക്, കൊടുക്കണമെന്നാണോ നിങ്ങളുടെ ചിന്താഗതി ? അതും മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു നേതാവിൻറെ വാദഗതി അതാണോ ? എൻറെ സ്നേഹിതൻ ശ്രീ. എസ്തോസ് തന്നെ ആലോചിക്കണം. ഏതായാലും ഗവൺമെൻറ് ഇതിൽനിന്നു മാറിയിട്ടില്ല. ഈ പറയുന്ന തൊഴിലില്ലായ്മാവേതനത്തിനു വേണ്ടിയുമാണ് ഈ നികുതി നിർദ്ദേശം. അതുപോലെതന്നെ മൽസ്യത്തൊഴിലാളികളുടെ ഗുണത്തിനു വേണ്ടിയും പനകയറുന്ന തൊഴിലാളികൾക്കും തെങ്ങു കയറുന്ന തൊഴിലാളികൾക്കും റിസ്ക് അലവൻസ് നൽകുന്നതിനു വേണ്ടിയുമാണ് ഈ നികുതി. അതിനെല്ലാം വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ചെറിയ നികുതി ആണ്. കഴിഞ്ഞകൊല്ലം ഉണ്ടായിരുന്ന ആ നികുതി തുടരുന്നു എന്നു പറയുമ്പോൾ എന്തൊരാരോപണമാണ്; എന്തൊരു പ്രതിഷേധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ഇതു കാണിക്കുന്നത് ? ഈ പറയുന്ന ആനുകൂല്യങ്ങളും സംസ്ഥാനത്തിലെ കൃഷിക്കാരനു നൽകുന്ന കാര്യത്തിൽ നിങ്ങൾക്കു താൽപര്യമില്ല എന്നാണ് ഇതു കാണിക്കുന്നത്. ഞാൻ അതേക്കുറിച്ച് അധികം പറയാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാര്യം ഒന്നുകൂടി ഞാൻ ആവർത്തിച്ചുപറയുകയാണ്. ഇത് പുതിയ നികുതിയല്ല; കഴിഞ്ഞ കൊല്ലത്തെ നികുതി തുടരുകമാത്രമാണ്. ബാക്കിയുള്ള എല്ലാ കക്ഷിക്കാരും ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയതുപോലെയുള്ള യാതൊരു പുതിയ നികുതിയും കൊണ്ടുവരാത്ത ഒരു ഗവൺമെൻറാണ് കേരളത്തിലെ ഗവൺമെൻറ് എന്നു ഞാൻ പറയുന്നു. ഇൻഡ്യയിൽ എവിടെയുമില്ലാത്ത സഹായം കൃഷിക്കാർക്കും തൊഴിലാളികൾക്കും ചെയ്യാൻ തയ്യാറായ ഈ ഗവൺമെൻറ് കഴിഞ്ഞ കൊല്ലത്തെ നികുതി തുടരുന്നു എന്ന കാരണത്താൽ എതിർക്കുന്നത് ശരിയല്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: സർ, ഞാൻ ഈ അധിക വിൽപ്പന നികുതി ബില്ലിനെ എതിർക്കുകയാണ്. ഇത് ഈ ഗവൺമെൻറ് പിൻവലിക്കണമെന്നാണ് എൻറെ അഭ്യർത്ഥന. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് സമർത്ഥിക്കാൻ ശ്രമിച്ചത് ഇതൊരു പുതിയ നികുതിയല്ല, കഴിഞ്ഞ വർഷത്തെ നികുതിയാണ്, അത് തുടർന്ന് ഈ വർഷവും നടപ്പിലാക്കുന്നു എന്നാണ്. കഴിഞ്ഞവർഷം ഇങ്ങനെയൊരു നികുതി ഏർപ്പെടുത്തിയതിന് അദ്ദേഹം കുറെ ന്യായങ്ങളും നിരത്തിവച്ചു. ഇവിടെ തൊഴിലില്ലായ്മ വേതനം ഏർപ്പെടുത്തി; വിധവകളുടെ മക്കൾക്ക് സഹായം ചെയ്യാൻ തീരുമാനിച്ചു; നെല്ലിൻറെ താങ്ങുവില പ്രഖ്യാപിച്ചു; ഈ ന്യായങ്ങളൊക്കെ ശരിയാണെന്ന് വാദത്തിനുവേണ്ടി സമ്മതിക്കാം; അങ്ങനെയാണെങ്കിൽ കഴിഞ്ഞവർഷം ബഹുമാനപ്പെട്ട ശ്രീ. ഹേമചന്ദ്രൻ അവതരിപ്പിച്ച ബഡ്ജറും ഈ ബഡ്ജറും തമ്മിൽ കുറെയധികം അന്തരമുണ്ട്. ഒന്നാമത് ധനകാര്യമന്ത്രി അവകാശപ്പെടുന്നതുപോലെ (അതു ശരിയാണെന്നു ഞാൻ അംഗീകരിക്കുന്നില്ല) ഈ സംസ്ഥാനം സാമ്പത്തികമായി വളരെ ഭദ്രമാണ്. മാത്രമല്ല അത് തെളിയിക്കാൻവേണ്ടി ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ വിശദീകരിച്ച ഈ ക്ഷേമ പദ്ധതികളും തുടർന്നുകൊണ്ടുപോകുമ്പോഴത്തന്നെ ഇതെല്ലാം കഴിച്ച് 10 കോടിരൂപ മിച്ചമുണ്ടാക്കുന്ന ഒരു ബഡ്ജറാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 10 കോടി രൂപ മിച്ചം പ്രതീക്ഷിക്കുന്നു. മിച്ചമുള്ള ഒരു ബഡ്ജറ് അവതരിപ്പിക്കുമ്പോൾ പിന്നെ എന്തിനാണ് ഈ അധിക വിൽപ്പന നികുതി വീണ്ടും ഏർപ്പെടുത്തുന്നത് ? കമ്മി ബഡ്ജറായിരുന്നെങ്കിൽ നമുക്ക് മനസ്സിലാക്കാമായിരുന്നു; എങ്കിൽ കഴിഞ്ഞ വർഷം ഇവിടെ തുടർന്നു എന്നു പറയുന്ന ക്ഷേമ പദ്ധതികളൊക്കെ തുടർന്നുകൊണ്ടുപോകാനും കൂടുതൽ കമ്മി ഉണ്ടാകാതിരിക്കാനും ഒരുപക്ഷേ ഇവിടെ അധിക നികുതി ഏർപ്പെടുത്തേണ്ടിവന്നേക്കും. നേരെമറിച്ച് നമ്മുടെ സംസ്ഥാനത്തിൻറെ സാമ്പത്തികനില ഭദ്രമാണ്; അതുപോലെതന്നെ ഈ സംസ്ഥാനത്ത് 1979-80 സാമ്പത്തിക വർഷത്തിൽ മിച്ച ബഡ്ജറാണ്; 10 കോടി എന്ന് അദ്ദേഹം ചുരുക്കിയാണ് പറയുന്നത്. ബഡ്ജറ് പ്രസംഗം ശ്രദ്ധിക്കുമ്പോൾ തോന്നുന്നത് ഒരുപക്ഷേ അതിനേക്കാളൊക്കെ വർദ്ധിച്ചേക്കുമെന്നാണ്. അങ്ങനെയുള്ളപ്പോൾ എന്തുകൊണ്ട് ഈ നികുതി കൊണ്ടുവന്നു? കഴിഞ്ഞവർഷം 78-79 വർഷത്തേക്കു മാത്രം ചില പ്രത്യേക സാഹചര്യങ്ങളിൽ കൊണ്ടുവരുന്നു എന്ന് അടിവരയിട്ട് ബഹുമാനപ്പെട്ട ശ്രീ. ഹേമചന്ദ്രൻ ഈ സഭയ്ക്ക് ഉറപ്പുനൽകി കൊണ്ടുവന്നു നടപ്പിലാക്കിയ നികുതി ഇപ്പോൾ അടുത്ത ഒരു വർഷത്തേക്ക് എന്നു മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

ഇനി ഈ സംസ്ഥാനത്ത് ഏതു വർഷത്തേക്കും തുടരാനുള്ള നിയമമാണ് ഈ അമെൻറ്മെൻറുമൂലം കൊണ്ടുവന്നിരിക്കുന്നത്. മറെറാരുകാര്യം ബംഗാളിനെക്കുറിച്ചാണ്. ബംഗാളിന്റെ കാര്യമെല്ലാം വളരെ വിശദമായി അദ്ദേഹം പറഞ്ഞു. ബംഗാളിലെ നികുതിയൊക്കെ വിശദമായി ഞാൻ പരിശോധിച്ചിട്ടുണ്ട്. പക്ഷേ ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെ ചൂണ്ടിക്കാണിച്ച അടിസ്ഥാനത്തിൽ പരിശോധിച്ചാൽ (അവിടെ നികുതി കൊണ്ടുവന്നിട്ടുണ്ട്, അക്കാര്യത്തിൽ തർക്കമില്ല, അവിടെ കമ്മി ബഡ്ജറാണ്) അവിടെ കൊണ്ടുവന്നിരിക്കുന്ന നികുതി കൂടുതൽ വരുമാനമുള്ള ആളുകളെ ബാധിക്കുന്ന തരത്തിലാണ്. 50 ലക്ഷത്തിൽ കൂടുതൽ ടേണോവർ ഉള്ളതിന് ഒരു ശതമാനം നികുതി. അദ്ദേഹംതന്നെ അതിന്റെ കണക്ക് ഉദ്ധരിച്ചു. ഒരു പരിധി നിശ്ചയിച്ചുകൊണ്ട് അതിനുപരിയായിട്ടുള്ള ഏർപ്പാടുകളാണ് ബംഗാളിലെ നികുതിയിലുള്ളത്. ഇവിടത്തെ അഡീഷണൽ ടാക്സാണെങ്കിലോ? ഒരു ഉറുപ്പികയുടെ സാധനം വാങ്ങിയാലും 2 ഉറുപ്പികയുടെ സാധനം വാങ്ങിയാലും സാധാരണക്കാരായ ആളുകളെ ബാധിക്കുന്ന തരത്തിൽ എല്ലാ കൈമാറ്റങ്ങളിലും ഈ അധിക വിൽപ്പന നികുതി ഈടാക്കുന്നുണ്ട്.

സർ, കേന്ദ്രത്തിൽ ശ്രീ. ചരൺസിംഗ് ബഡ്ജറ് അവതരിപ്പിച്ചു. ഈ സഭയിലെ എല്ലാ ഭാഗങ്ങളിലുള്ള ആളുകളും അതിനെ എതിർ
12 Noon ക്കുന്നതാണ്. ഇതുപോലുള്ള ഒരു നികുതി നിത്യോപയോഗ സാധനങ്ങളുടെ മേൽ ഏർപ്പെടുത്തുന്നു. സോപ്പ്, ടൂത്ത് പേസ്റ്റ്, മണ്ണെണ്ണ തുടങ്ങിയ സാധാരണക്കാരെ ബാധിക്കുന്ന തരത്തിലുള്ള നികുതി നിർദ്ദേശങ്ങളാണ് പുതുതായി കൊണ്ടുവന്നു എന്ന് നിങ്ങളാണ് ആക്ഷേപിച്ചു. അങ്ങനെ പുതിയ നികുതികളാണ് കൊണ്ടുവരുന്നത് ശരിയല്ലെന്നുള്ളത് നമുക്കെല്ലാം അറിയാം. എങ്കിൽ പോലും ഇപ്പോൾ ശ്രീ. വരദരാജൻ നായർ കൊണ്ടുവന്നതിനേക്കാൾ കൂടുതൽ ന്യായീകരിക്കാനുള്ള സാദ്ധ്യത ചരൺസിംഗിനും കേന്ദ്രഗവൺമെൻറിനും ഉണ്ട്. എന്തുകൊണ്ടെന്നാൽ ചരൺസിംഗിന്റെ ബഡ്ജറ് കമ്മിയുള്ള ബഡ്ജറാണ്. ആ കമ്മി നികത്തുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു നികുതി നിർദ്ദേശം കൊണ്ടുവന്നതെന്ന് പറഞ്ഞുകൊണ്ട്, അതിനെ അദ്ദേഹത്തിന് ന്യായീകരിക്കാം. ഇവിടെ കമ്മിയില്ല, മിച്ച ബഡ്ജറാണ്, ഇതിന്റെ ആവശ്യമില്ല. പുതിയ നികുതികളും കൂടാതെതന്നെ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത നിലനിറുത്തിക്കൊണ്ടുതന്നെ കമ്മിയില്ലാത്ത ബഡ്ജറ് അവതരിപ്പിക്കാൻ കഴിയുമ്പോൾ 78-79 സാമ്പത്തികവർഷത്തേയ്ക്ക് മാത്രമാണെന്നു വളരെ സ്പെസിഫിക്കായി പറഞ്ഞുകൊണ്ട് കൊണ്ടുവന്ന ഈ നികുതി നിർദ്ദേശം ഇപ്പോൾ എല്ലാ വർഷത്തേയ്ക്കും ബാധകമാക്കുന്ന വളരെ വഞ്ചനാപരമായ പ്രവൃത്തിയാണ് ഇത്. അതുകൊണ്ട് ഈ നികുതി നിർദ്ദേശം പിൻവലിക്കണമെന്നാണ്, ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. ചരൺസിംഗ് പോലും, വളരെ ശക്തമായ എതിർപ്പ് പാർലമെൻറിനകത്തും പുറത്തും ഉയർന്നുവന്നപ്പോൾ പൂർണ്ണമായ മതാതിലല്ലെങ്കിലും ചിലയിനങ്ങളിൽ എല്ലാം നികുതി നിർദ്ദേശങ്ങളും വെട്ടി ചുരുക്കാൻ തയ്യാറായിട്ടുണ്ട്. റെയിൽവേ മന്ത്രി വർദ്ധിപ്പിച്ച സീസൺ ടിക്കറിന്റെ ചാർജ് പകുതിയെങ്കിലും കുറച്ചു. ചില നിത്യോപയോഗ സാധനങ്ങളുടെ വില ശ്രീ. ചരൺസിംഗ് വർദ്ധിപ്പിച്ചത് എതാണ്ട് 25,50 ശതമാനം വരെ കുറയ്ക്കാൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ഔദാര്യമെങ്കിലും അദ്ദേഹം കാണിച്ചു. ഇവിടെ മിച്ച ബഡ്ജറാണ് അവതരിപ്പിച്ചിരിക്കുന്നത് അത്തരത്തിലുള്ള ഔദാര്യമെങ്കിലും കാണിക്കാനുള്ള സൻമനസ് ശ്രീ. വരദരാജൻ നായർക്ക് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത് ഈവിടെ നികുതിയെക്കുറിച്ചല്ല

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഭീർഘമായി പലസുഹൃത്തുക്കളും സംസാരിച്ചുകഴിഞ്ഞ സ്ഥിതിക്ക് അതിനെക്കുറിച്ച് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

സർ, ഇവിടെ ഏകമുഖ വിൽപ്പന നികുതി വേണമെന്ന് ഗുലാത്തി കമ്മീഷന്റെ ശുപാർശ ഉണ്ട്. സഭ ആ കാര്യങ്ങളും പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ അന്നത്തെ ധനകാര്യമന്ത്രി കൊണ്ടുവന്ന പല മണി ബില്ലുകളും എതിരായി ഈ സഭയിൽ അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അപ്പോഴും ചില ഇനങ്ങളിൽ ഏകമുഖവിൽപ്പന നികുതി കൊണ്ടുവരികയും ക്രമേണയായി ഏകമുഖ വിൽപ്പന നികുതിയെന്ന ആശയം കൂടുതൽ വ്യാപകമായി നടപ്പിലാക്കുകയും അങ്ങനെ അത് നമുക്ക് അംഗീകരിക്കാൻ ശ്രമിക്കുകയും ചെയ്യാമെന്നാണ് പറഞ്ഞത്.

സർ, ജനങ്ങളെ ഇത്രയേറെ ദ്രോഹിക്കുന്ന ഈ നികുതികൊണ്ട് ജനങ്ങൾക്ക് ഗുണമുണ്ടെന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നത്. അത് ആരെയെല്ലാമാണ് ബാധിക്കുന്നത്? ഇത് മുഴുവൻ സാധാരണക്കാരേയും ബാധിക്കുന്ന നികുതിയാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇത് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നികുതി തുടർന്നുവരുന്ന വർഷങ്ങളിലും ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റെന്നു ജനങ്ങളും അവകാശപ്പെടുന്ന ബംഗാളിലെ ഗവൺമെന്റിനെക്കുറിച്ചും അങ്ങനെയൊരു നല്ല വാക്കുപറയാൻ ശ്രീ. ആര്യാടൻ തയ്യാറായതിൽ എനിക്ക് സന്തോഷമുണ്ട്. അങ്ങനെയെല്ലാം അവകാശപ്പെടുന്ന സാഹചര്യത്തിൽ ഇപ്പോഴും കൊണ്ടുവന്നിരിക്കുന്ന ജനദ്രോഹകരമായ നികുതി പിൻവലിക്കാനുള്ള സന്മനസ് കാണിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ നികുതി നിർദ്ദേശത്തെ ശക്തിയായി എതിർത്തുകൊണ്ട് ഇത് പിൻവലിക്കണമെന്ന് ഒന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ : സർ, ഞാൻ ഈ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത് പറയുമ്പോൾ അപ്പുറത്തുനിന്നുമുള്ള ഒരു വാദഗതി ഇതൊരു പുതിയ നികുതിയല്ലെയെന്നുള്ളതാണ്. ഇത് പുതിയ നികുതിയല്ലെങ്കിൽ എന്റെ സംശയം പിന്നെ ഈ ബില്ലിന്റെ ആവശ്യമെന്താണ് എന്നുള്ളതാണ്. അപ്പുറത്തുനിന്ന് ധനകാര്യമന്ത്രിയും സുഹൃത്തുക്കളും ഇതാണ് ഞങ്ങൾക്കൊന്ന് വിശദീകരിച്ചു തരേണ്ടതും. നമ്മുടെ സംസ്ഥാനത്ത് നിരവധി നികുതികളുണ്ട്. സെയിൽസ് ടാക്സിൽതന്നെ നിരവധി നികുതികളും ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനമാണ്. ആ നികുതികളെല്ലാം തുടർന്നു പിരിക്കണമെന്നുണ്ടെങ്കിൽ ഒരു നിയമത്തിന്റെ ആവശ്യമില്ല. നിയമത്തിന്റെ ആവശ്യമില്ലാതെ തന്നെ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവ് നടത്താം. ഇതൊരു പുതിയ നികുതിയല്ലെങ്കിൽ പിന്നെ എന്തിനാണ് ഭേദഗതി കൊണ്ടുവന്നത്? ഈ ഭേദഗതി തന്നെ അനിവാര്യമായിവന്നിട്ടുള്ളത് വരുന്ന കൊല്ലവും ഈ നികുതി പിരിക്കാൻ വേണ്ടിയാണ്. നിലവിലുള്ള നിയമപ്രകാരം മാർച്ച് 31-ാം തീയതി അധികനികുതി നിയമം ഇല്ലാതാകും. അതിന്റെ കാലാവധി ഒന്നുരണ്ടുവർഷത്തേക്ക് നീട്ടുകയല്ല ശാശ്വതമാക്കുകയാണ് ഈ നിയമപ്രകാരം. ഇങ്ങനെ ശാശ്വതമാക്കുന്ന നിയമം കൊണ്ടുവരാനാണ് അപ്പുറത്തുനിന്നും ശ്രമിക്കുന്നത്. അതിനു പറയുന്ന മറെറാരു ന്യായം നമ്മുടെ ബഡ്ജറ്റിൽ പല സൗജന്യങ്ങളും പല

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും വാഗ്ദാനം ചെയ്തിരുന്നു. ആ സൗജന്യങ്ങളെല്ലാം ആളുകൾക്ക് കൊടുക്കുന്നതിനുവേണ്ടി ഈ നികുതി ഏർപ്പെടുത്തണമെന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ വാദം. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക് പലിശ ഇളവ് കൊടുത്ത കാര്യം പറഞ്ഞു. ആ സഹായം കൊടുക്കുന്നതിനുവേണ്ടിയാണ് ഈ നികുതി നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളതെന്ന് അദ്ദേഹം ന്യായീകരിച്ചു. കൃഷിക്കാർക്ക് 3 ശതമാനം പലിശ ഇളവു കൊടുക്കുന്നതിനുവേണ്ടി ബഡ്ജറിൽ വകകൊള്ളിച്ചിട്ടുള്ളത് 50 ലക്ഷം രൂപയാണ്. ഇപ്പോഴത്തെ ദീർഘകാല വായ്പക്കു കൂടി ഇത് ബാധകമാക്കിയാൽ കുറെ കൂടി സംഖ്യ വേണ്ടിവരും. അങ്ങനെ 50 ലക്ഷം രൂപ കൃഷിക്കാർക്ക് സൗജന്യം കൊടുക്കുന്നതിനുവേണ്ടി ഈ സംസ്ഥാനത്തെ മുഴുവൻ പാവങ്ങളുടെയും തലയിൽ അധിക നികുതി ഏർപ്പെടുത്താനാണ് പോകുന്നത്. അങ്ങനെ 50 ലക്ഷം രൂപ കൃഷിക്കാർക്ക് സൗജന്യങ്ങളും കൊടുക്കാൻ വേണ്ടി എന്നു പറയുമ്പോഴും നമ്മുടെ സംസ്ഥാനത്തെ യാതൊരു വേലയും ഇല്ലാതെ, വരുമാനമില്ലാതെ ബീഡി വലിച്ച്, ചായ കുടിച്ച് അത്യാവശ്യ സാധനങ്ങളും മാത്രം വാങ്ങിച്ച് കഴിയുന്ന എല്ലാവരുടെയും തലയിൽ ഇന്നുള്ള നികുതിയിൽ അതിന്റെ പത്തുശതമാനം കൂടി വർദ്ധിപ്പിച്ച് ആ ഭാരം അടിച്ചേൽപ്പിക്കാമെന്നാണ് ആ വാദഗതിയുടെ അർത്ഥം. സൗജന്യങ്ങളും നമ്മുടെ സംസ്ഥാനത്തെ ചില ആളുകൾക്ക് കൊടുക്കുന്നു എന്ന പേരിൽ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും തലയിൽ പുതിയൊരു ഭാരം അടിച്ചേൽപ്പിക്കുകയാണ്. ആ ഭാരം അടിച്ചേൽപ്പിക്കുന്നതിനാണ് ഈ പുതിയ ബില്ലുമായി വന്നിരിക്കുന്നത്. ഈ പുതിയ നികുതി ഭാരം സാമാന്യ ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കരുതെന്നും അതു പിൻവലിക്കണമെന്നും ആണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ ; ശ്രീ. ടി. എം. ജേക്കബും താമരാക്ഷനും അമെൻറുമെൻറ് കൊടുത്തിരുന്നുവെന്നും സംസാരിക്കണമെന്നും പറഞ്ഞു. പക്ഷേ അമൻറ്മെൻറ് കൊടുത്തതായി കാണുന്നില്ല. എന്തായാലും രണ്ടുപേർക്കും കൂടി 5 മിനിട്ട് സംസാരിക്കാം.

(Mr. speaker in the chair)

ശ്രീ. ടി എം. ജേക്കബ് ; സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഈ വർഷം അവതരിപ്പിച്ച ബഡ്ജറിൽ വളരെയേറെ ജനോപകാരപ്രദമായ കാര്യങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. പുതിയൊരു നികുതിയാണ് ചുമത്തിയിരിക്കുന്നതെന്നുള്ള വാദഗതി അംഗീകരിക്കുവാൻ സാധിക്കുകയില്ല. കാരണം കഴിഞ്ഞ വർഷം ചുമത്തിയിരുന്ന നികുതി തുടരുകയാണ്. കഴിഞ്ഞവർഷം പിൻവലിക്കാമെന്നുള്ള വാഗ്ദാനം അന്നത്തെ ധനകാര്യമന്ത്രി സഭയിൽ കൊടുത്തിരുന്ന കാര്യം ഞാൻ അനുസ്മരിക്കുന്നു. പക്ഷേ അത് ഈ വർഷം തുടരാനുണ്ടായ സാഹചര്യത്തെ കുറിച്ചും ധനകാര്യമന്ത്രിയുടെ ബഡ്ജറ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ദീർഘമായി എല്ലാ കാര്യങ്ങളിലേക്കും കടന്നുപോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കുറച്ചുമുമ്പ് ഈ സഭ ഐകകണ്ഠ്യേനതന്നെ പാസാക്കിയ പ്രമേയത്തിൽ കേന്ദ്രത്തിന്റെ അമിതമായ കൈകടത്തൽ സംസ്ഥാനങ്ങളുടെ മേൽ ഉണ്ടാകുന്നതുകൊണ്ട് സംസ്ഥാനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെപ്പറ്റിയാണ് പരാമർശിക്കപ്പെട്ടത്. എല്ലാവരും അതിനെ സ്വാഗതം ചെയ്തു. കേന്ദ്രവിൽപ്പന നികുതി നിയമത്തിൽ വരുത്തിയ ഭേദഗതിമൂലം നമ്മുടെ സംസ്ഥാനത്തിന് 70 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കഴിഞ്ഞവർഷം

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ അന്നത്തെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നത്. അത് കേന്ദ്രഗവൺമെൻറിന്റെ അഭിപ്രായത്തിൽ 45 കോടി രൂപയാണ്. അതായത് ഒരു വർഷം 15 കോടി രൂപയാണെന്ന് സമ്മതിച്ചു. പക്ഷേ ഈ 45 കോടി രൂപയുടെ നഷ്ടം നികത്താൻ എന്തെങ്കിലും ചെയ്യാൻ തയ്യാറല്ലെന്ന് അവസാനമായി പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്.

1976-ൽ ഈ പ്രശ്നം ഉണ്ടായ അവസരത്തിൽ ഈ നിയമസഭയുടെ പ്രതികരണവും സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളുടെ പ്രതികരണവും അറിയിച്ചിട്ടുണ്ട്. അതായത് ഇത് തെറ്റാണെന്നും ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടണമെന്നും പറഞ്ഞു. എന്നാൽ അത് അവർ അംഗീകരിക്കാൻ തയ്യാറായില്ല. കഴിഞ്ഞവർഷം വളരെയേറെ ജനോപകാരപ്രദങ്ങളായ പലകാര്യങ്ങളും നമ്മുടെ സംസ്ഥാനത്ത് അവശവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. അതിനെല്ലാംകൂടി കഴിഞ്ഞ വർഷം കണക്കാക്കപ്പെട്ടിരുന്നത് 22 കോടി രൂപയായിരുന്നു. ഈ വർഷം 9 കോടി രൂപയുടെ സഹായം അവശജനവിഭാഗങ്ങൾക്കുവേണ്ടി ചെയ്തു കൊടുത്തിട്ടുണ്ട്. അങ്ങനെ 31 കോടി രൂപയുടെ ധനസഹായം കൊടുത്ത അവസരത്തിലാണ് അധിക നികുതി ചുമത്തേണ്ട സാഹചര്യം ഉണ്ടായത്.

ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ ഒരു പരാമർശനം നടത്തി: അതായത് ചെറുകിട പത്രങ്ങൾക്കു കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ശ്രീ. ദേവസ്സിക്കുട്ടിയെപോലുള്ള ഒരു മെമ്പർ അങ്ങനെ പറയുന്നത് ശരിയല്ല. ധനകാര്യമന്ത്രിയുടെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പത്രപ്രവർത്തകരുടെ ഹൗസിങ്ങ് സ്കീമിനെക്കുറിച്ച് പറഞ്ഞിരുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോഴേ കടക്കുവാനാഗ്രഹിക്കുന്നില്ല. പത്രപ്രവർത്തകരുടെ ഹൗസിങ്ങ് സ്കീമിനുവേണ്ടി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഈ വർഷവും പത്രവുമായി ബന്ധപ്പെട്ട പത്രപ്രവർത്തകർക്ക് സൗകര്യം ചെയ്തുകൊടുക്കാനുള്ള ഒരു നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ചെറുകിട പത്രക്കാർക്ക് സൗകര്യം ചെയ്തുകൊടുക്കാനുള്ള തീരുമാനമാണ് ഗവൺമെൻറ് എടുത്തത്. അല്ലാതെ ഏതെങ്കിലും വ്യക്തിയെ ഉന്നം വെച്ചുകൊണ്ട് എടുത്തിട്ടുള്ള ഏർപ്പാടാണിതെന്ന അഭിപ്രായം എനിക്കില്ല. അവർക്കു വേണ്ട ആനുകൂല്യം ചെയ്തുകൊടുക്കുന്നത് ഒരിക്കലും തെറ്റാണെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇതിനെക്കുറിച്ച് ഇവിടെ കണ്ണീർ ഇടറി പറയുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ പത്നി ഗ്യാലറിയിൽ ഇരുന്നുകൊണ്ട് വിചാരിച്ചു 'മകനേ നിനക്കുവേണ്ടി' ആണ് ഇതെല്ലാം ചെയ്യുന്നതെന്ന്. അതിനെക്കുറിച്ച് ഇവിടെ ആരോ പറയുകയുണ്ടായി. അങ്ങിനെയാണെങ്കിൽ ആ സ്ത്രീ വിചാരിച്ചത് 'മകനേ നിനക്കുവേണ്ടി' എന്നല്ല 'മക്കളേ നിങ്ങൾക്കുവേണ്ടി' എന്നാണ്. ഇത് ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിക്കുവേണ്ടി മാത്രം ചെയ്തതല്ല. എല്ലാ ചെറുകിട പത്രങ്ങളേയും ഉദ്ദേശിച്ച് ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പരാമർശനം ആരും തന്നെ നടത്തുന്നത് അത്ര ശരിയല്ല.

31 കോടി രൂപയുടെ സഹായം ചെയ്തിരിക്കുന്ന ഈ സാഹചര്യത്തിൽ പുതിയ നികുതി ചുമത്താനുള്ള സംസ്ഥാന ഗവൺമെൻറിന്റെ തീരുമാനം.....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : അഴിമതിക്കെതിരായി ജാഥ നടത്തിയ ശ്രീ. ജേക്കബ് അഴിമതിയുടെ വക്കാലത്ത് പിടിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് ; ഇത് അഴിമതിയാണെന്ന അഭിപ്രായം എനിക്കില്ല. ഇത് ഒരു അഴിമതിയല്ല. നമ്മുടെ സംസ്ഥാനത്ത് വളരെയേറെ ആളുകൾക്ക് ഇതുകൊണ്ട് നന്മ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഞാൻ ഇതിനെ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. രണ്ടുകാലിലും മന്തുകൊണ്ടു നടക്കുവാൻ കഴിവില്ലാത്ത ഒരാൾ ഒരു കാലിൽ മാത്രം ഉണ്ണി മന്തുള്ള ഒരാളെ മന്തനെന്ന് വിളിച്ച് ആക്ഷേപിക്കുന്നതുപോലെയാണ് ശ്രീ. ദേവസ്സികുട്ടിയുടെയും ശ്രീ. എം.കെ. കൃഷ്ണന്റെയും വിമർശനം കേട്ടപ്പോൾ എനിക്കു തോന്നിയത്. കേന്ദ്ര ഗവൺമെന്റും മറ്റു സംസ്ഥാനഗവൺമെന്റുകളും ഈ സാമ്പത്തിക വർഷത്തിൽ അധികനികുതി നടപ്പിലാക്കിക്കഴിഞ്ഞിരിക്കയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം വികസനപ്രവർത്തനങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും മറ്റും നടപ്പിലാക്കുന്നതിനുവേണ്ടി അഡീഷണൽ ടാക്സ് ചുമത്തേണ്ടതായി വന്നു. കഴിഞ്ഞ വർഷം നിലവിലിരുന്ന ടാക്സ് തുടരുന്നുവെന്നുപറഞ്ഞാൽ അതൊരു പുതിയനികുതിനിർദ്ദേശം അല്ല. വികസനരംഗത്തും സാമൂഹ്യക്ഷേമപ്രവർത്തനരംഗത്തും യാതൊരു പരിപാടിയും ആവിഷ്കരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ഇവിടെ പ്രതിപക്ഷത്തുള്ളവർ പറഞ്ഞുകേട്ടു. അതുകൊണ്ട് എനിക്ക് അവരോട് പറയുവാനുള്ളത്, ഈ ബഡ്ജറ്റ് അടിമുടി ഒന്നു പരിശോധിച്ച് നോക്കണം എന്നാണ്. മത്സ്യതൊഴിലാളികൾക്ക് 25,000 ഭവനങ്ങൾ നിർമ്മിക്കാനുള്ള ഒരു പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ഭവനത്തിനും രണ്ടായിരം രൂപ വീതം ഗ്രാന്റ് കൊടുക്കണം. അങ്ങനെ വരുമ്പോൾ ഇതിനു വേണ്ടി 5 കോടി രൂപ കൊടുക്കേണ്ടിവരും. അതുപോലെതന്നെ ഹരിജനങ്ങൾക്ക് രണ്ടരക്കോടി രൂപ ചെലവുചെയ്ത് പതിനായിരം വീടുകൾ വയ്ക്കുന്ന പദ്ധതിയും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് 3 ശതമാനം പലിശ ഇളവ് നൽകുന്നതുകൊണ്ട് ആ ഇനത്തിൽ രണ്ടരകോടി രൂപ ഗവൺമെന്റു ചെലവ് ചെയ്യേണ്ടതായിവരുന്നു. അതിനുപരിയായി കുടികിടപ്പവകാശം കിട്ടിയ പതിനയ്യായിരം ആളുകൾക്ക് 500 രൂപ വീതം വീട് വയ്ക്കുവാൻ സബ്സിഡി നൽകുന്ന വകയിൽ 75 ലക്ഷം രൂപ വേണ്ടിവരും. അതുപോലെ തന്നെ മറ്റു ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയും വീടുവെക്കുന്നതിന് 500 രൂപ വീതം സബ്സിഡിയായി നൽകുന്നതാണ്. അതും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനും പുറമേ മറ്റു പല സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും പറഞ്ഞിട്ടുണ്ട്. 62.25 ശതമാനം ആളുകൾ ദാരിദ്രരേഖക്ക് താഴെ കഴിയുന്നുവെന്നുള്ള വസ്തുത ചൂണ്ടികാണിച്ചുകൊണ്ട് ഈ ഗവൺമെൻറിന്റെ നയപരിപാടികളും സാമ്പത്തികനയവും പരാജയമാണെന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റ് രാജിവക്കണമെന്ന് ശ്രീ. നമ്പൂതിരിപ്പാട് ഇവിടെ പറയുകയുണ്ടായി. ബംഗാളിൽ 62.7 ശതമാനംആളുകൾ ദാരിദ്രരേഖക്ക് താഴെ കഴിയുന്നു. കേന്ദ്രഗവൺമെൻറ് ചില സംസ്ഥാനങ്ങളോട് സ്വീകരിച്ചിരുന്ന സാമ്പത്തിക നയങ്ങളുടെ ഫലമായിട്ടാണ് ബംഗാളും ഒറീസയും കേരളവും മറ്റും പിന്നോക്കം നിൽക്കുന്നത്. എന്നാൽ ഹരിയാനയിലും പഞ്ചാബിലും അവിടത്തെ ജനസംഖ്യയിൽ 27 ശതമാനത്തിൽ താഴെ മാത്രമാണ് ദാരിദ്രരേഖക്ക് താഴെ കഴിയുന്നത്. ഇത്തരം അസംതുലിതാവസ്ഥ നിലനിൽക്കുന്നത് പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം നിശ്ചയിക്കുന്നതെറ്റായ സാമ്പത്തികനയത്തിന്റെ ഫലമായിട്ടാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ സാമ്പത്തിക രംഗത്ത് ഒരു പൊളിച്ചെഴുത്ത് നടത്തണം എന്നാണ്. എങ്കിൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിനും ബംഗാളിനും ഒറീസക്കും അതുപോലുള്ള മറ്റു സ്റ്റേറ്റുകൾക്കും സാമ്പത്തിക പുരോഗതി നേടാൻ കഴിയൂ. അതിനുവേണ്ടി യോജിച്ച് പ്രവർത്തിക്കാൻ ശ്രീ. നമ്പൂതിരിപ്പാടിന്റെ പാർട്ടിയും തയ്യാറാകണം. ഈ ബില്ലിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഇതൊരു വിവാദപരമായ നിയമനിർമ്മാണം എന്ന നിലയിൽ പ്രതിപക്ഷത്തിന്റെ ഭാഗമുഖമുണ്ടായില്ല. അത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. ഡാൻമാർഗ്ഗിക നിലവാരം പുലർത്തണമെന്നുള്ള പുതിയ ആശയമാണ് പ്രതിപക്ഷത്തുനിന്നും ഉണ്ടായത്. കഴിഞ്ഞ കൊല്ലം ഈ നികുതി ഏർപ്പെടുത്തിയ വേളയിൽ പറഞ്ഞിരുന്ന ഒരുകൊല്ലത്തേക്ക് എന്നുള്ള വാഗ്ദാനം പാലിക്കപ്പെടുന്നില്ലായെന്ന് പറഞ്ഞതാണ് ഏറ്റവും പ്രധാനപ്പെട്ട ആരോപണം. സർ, അത് ഞാൻ നിഷേധിക്കുന്നില്ല. കഴിഞ്ഞ കൊല്ലം ഈ നികുതി ഏർപ്പെടുത്തിയ അവസരത്തിൽ പറഞ്ഞിരുന്നത് 7-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് വെളിയിൽ ആവുകയോ അല്ലെങ്കിൽ അതിനെക്കുറിച്ചുള്ള തീരുമാനം ഉണ്ടാകാതിരിക്കുകയോ ചെയ്യുന്നതുകൊണ്ടാണ് പുതിയ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി വകയിരുത്തുവാൻ പുതിയ നികുതി കൊണ്ടുവരുന്നത് എന്നാണ്. അന്ന് പ്രതീക്ഷിച്ചിരുന്നത് ധനകാര്യകമ്മീഷന്റെ അവാർഡ് വന്നുകഴിയുമ്പോഴേക്കും ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിടത്തോളം പരിഗണന നൽകുമെന്നും അതിനനുസരിച്ച് കേന്ദ്രത്തിൽനിന്നും വിഹിതം കിട്ടുമെന്നും ആയിരുന്നു.

ഫൈനാൻസ് കമ്മീഷന്റെ വിഹിതത്തെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതിനെ ശ്രീ. എസ്തോസ് തെറ്റായി വ്യാഖ്യാനിക്കുകയാണ് ചെയ്തത്. ഒരു ബാലൻസ്ഡ് ആയിട്ടുള്ള അഭിപ്രായമാണ് രേഖപ്പെടുത്തിയത്. ഇതിനു മുമ്പുള്ള ധനകാര്യക്കമ്മീഷൻ അംഗീകരിക്കാത്തത് 7-ാം ധനകാര്യക്കമ്മീഷൻ അംഗീകരിക്കുകയും അതേയവസരത്തിൽ നമ്മുടെ സംസ്ഥാനത്തെ കാതലായ പല പ്രശ്നങ്ങളേയും അംഗീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊന്നും കണക്കിലെടുക്കാതെ ശ്രീ, എസ്തോസ് പ്രസംഗിച്ചതിൽ സങ്കടമുണ്ട്. എന്തായാലും ആ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ എല്ലാം ഈ കൊല്ലവും തുടരുകയാണ്. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ കൊല്ലത്തെ ഈ നികുതി ഈ കൊല്ലവും തുടരണമെന്ന് തീരുമാനിച്ചത്. നിർഭാഗ്യവശാൽ അതുസംബന്ധിച്ചുള്ള ഏറ്റവും ശക്തിയായ വാദം ഇത് തുടർച്ചയല്ല, പുതിയതാണെന്നുള്ളതാണ്. അത് വളരെ പ്രസക്തമാണോയെന്ന് എനിക്കറിയില്ല. വേണമെങ്കിൽ തലനാരിഴ കീറി അതു സംബന്ധിച്ച് വാദപ്രതിവാദത്തിന് നിൽക്കാമെങ്കിൽപോലും കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ഉണ്ടായിരുന്ന നികുതി, ഒരുപക്ഷേ വാദത്തിനുവേണ്ടി ഈ കൊല്ലം ഉണ്ടായിരിക്കുകയില്ലെന്ന് പ്രതീക്ഷിച്ചതായ നികുതി, തുടരുന്നുവെന്നുള്ളതിൽ കവിഞ്ഞ് അതിൽ എന്തെങ്കിലും പ്രസക്തിയുണ്ടോയെന്ന് സംശയമാണ്.

ശ്രീ. ദേവസ്സിക്കുട്ടിയുടെ വാദത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല തെക്കൻ കേരളത്തിൽ വേലി കെട്ടാനായിട്ട് ഒരു മുള്ള് ഉപയോഗിക്കാറുണ്ട്. അതിനെ ഉടക്ക് എന്നാണ് പറയുന്നത്. വഴിയേ പോകുന്നവരുടെ മുണ്ടിൽ കേറി ഉടക്കും. നമ്മൾ അതിനെ എടുത്തു കളഞ്ഞിട്ട് പോകും. അതു പോലെയാണ് ദേവസ്സിക്കുട്ടിയുടെ വാദങ്ങളെല്ലാം. അതിൽ കാര്യമൊന്നും കാണുകയില്ല. ആരെയും ഉപദ്രവിക്കാൻ സാധിക്കുകയില്ല. എങ്കിലും വളരെ ദീർഘമായി കാര്യങ്ങൾ പറയും. അദ്ദേഹത്തിന് കുറെ വാക്കുകളുണ്ട്. കള്ളം, കാപട്യം എന്നിങ്ങനെയുള്ള പല വാക്കുകളും പ്രയോഗിക്കാറുണ്ട്. ഭാഗ്യവശാൽ എന്റെ ഭാര്യയുടെ പേരും 'ക'യിലാണ് തുടങ്ങുന്നത്. അദ്ദേഹത്തിന് 'ക' എന്ന അക്ഷരത്തോട് വലിയ ഇഷ്ടമാണ്. അതുകൊണ്ട് പറഞ്ഞു എന്നുള്ളതിൽ കവിഞ്ഞ് അതേപ്പറ്റി കൂടുതലായൊന്നും ഞാൻ പറയുന്നില്ല.

മറ്റൊരുകാര്യം ഈ നികുതി പുതിയതായി നിർദ്ദേശിച്ചിട്ടുള്ളതല്ല. ശ്രീ. ദേവസ്സിക്കുട്ടിയുടെ നേതാവ് ഭരിക്കുന്ന കർണ്ണാടകത്തിൽപോലും ഈ കൊല്ലം ഇതേ ശതമാനത്തിൽ ഈ നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ടി. കെ. രാമകൃഷ്ണന്റേയും എസ്തോസിന്റേയും നേതാക്കൾ ഭരിക്കുന്ന, അഥവാ കൂട്ടുഭരണം ഭരിക്കുന്ന വെസ്റ്റ് ബംഗാളിലും സാധാരണയുള്ള ബഹുമുഖ നികുതിയ്ക്കുള്ള ശതമാനം ഏഴാണ്. അത് ഈ കൊല്ലം എട്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ ബഹുമുഖ നികുതിയ്ക്കുള്ള ശതമാനം നാലു ശതമാനമാണ്. അതിനോടുകൂടി പത്തു ശതമാനം അഡീഷണൽ ടാക്സ് കൂട്ടിയാലും വരുന്നത് 4.4 ശതമാനമാണ്. വെസ്റ്റ് ബംഗാളിലെ ബഹുമുഖ നികുതിയ്ക്കുള്ള ശതമാനത്തിന്റെ അമ്പതു ശതമാനത്തിൽനിന്നും അൽപ്പംകൂടി കൂടുതൽ മാത്രമേ ഈ അഡീഷണൽ ടാക്സ്കൊണ്ടുപോലും ഉണ്ടാകുന്നുള്ളുവെന്നുള്ളതാണ് വസ്തുത. ഇത് എന്തിനു ഉണ്ടാക്കുന്നുവെന്ന് ശ്രീ. കുര്യൻ ചോദിച്ചു. വളരെ പ്രസക്തമായ ചോദ്യമാണ്. ഒരു സർപ്ലസ് ബഡ്ജറിൽ വേണമെങ്കിൽ മാറ്റിവച്ചു കൂടെയെന്ന് ചോദിച്ചു. വയ്ക്കാമായിരുന്നു. വയ്ക്കാത്തതിനും വളരെ പ്രസക്തമായ കാര്യമുണ്ട്. ബഹുമാനപ്പെട്ട കുര്യനും മറ്റ് സ്നേഹിതൻമാരും ബഡ്ജറ് പ്രസംഗം വായിച്ചിരുന്നെങ്കിൽ ഒരുകാര്യം മനസ്സിലാക്കുമായിരുന്നു. നമുക്ക് ഈ കൊല്ലത്തേക്കുള്ള പദ്ധതിതുക വർക്കിങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പ് അനുവദിച്ചത് 233 കോടി രൂപയാണ്. അതുസംബന്ധിച്ച് നമ്മുടെ വിഭവ സമാഹരണ ശേഷിയെ പരിഗണിച്ചുകൊണ്ട് പ്ലാനിംഗ് കമ്മീഷൻ നമുക്ക് അംഗീകരിച്ച് അനുവദിച്ചത് 170 കോടി രൂപയാണ്. ആ 170 കോടി രൂപയ്ക്കുള്ള പദ്ധതി നടപ്പാക്കുന്നതിന് നമ്മോട് ആവശ്യപ്പെട്ടത് 15 കോടി രൂപ അധികം സമാഹരിക്കണമെന്നായിരുന്നു. പക്ഷെ ഈ ബഡ്ജറ്റിൽ 170 കോടിയ്ക്കു പകരം 209 കോടി രൂപയുടെ പദ്ധതി നമ്മം ആവിഷ്കരിച്ച് നടപ്പാക്കാൻ പോകുന്നു. മാത്രമല്ല 209 കോടി രൂപയുടെ പദ്ധതിയ്ക്കു പകരം വർക്കിങ്ങ് ഗ്രൂപ്പ് അംഗീകരിച്ച് 233 കോടി രൂപ തന്നെ അടുത്ത കൊല്ലം പ്ലാനിനുവേണ്ടി, വികസനപ്രവർത്തനത്തിനു വേണ്ടി, ചെലവാക്കണമെന്ന് ആഗ്രഹിക്കുന്നു. അതിന് അന്ന് സപ്ലിമെന്ററി ഗ്രാന്റോ പുതിയ നികുതിയോ കൊണ്ടുവന്ന് ചോദിക്കുന്നതിനു പകരം ഇന്ന് നിലവിലുള്ള നികുതി, തുച്ഛമായ നികുതി, പത്തു രൂപയുടെ സാധനം വാങ്ങിച്ചാൽ വെറും നാലു പൈസ മാത്രം കൊടുക്കേണ്ടതായ നികുതി, ആർക്കുമാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് ഇതുവരെ പറയാത്ത ഒരു നികുതി, പിരിച്ചെടുക്കുന്ന കച്ചവടക്കാർ ചിലർ പ്രതിഷേധിക്കുന്നുവെന്നുള്ളതിൽ കവിഞ്ഞ് കൊടുക്കുന്ന ആരും പ്രതിഷേധിക്കാത്ത ഒരു നികുതി, അത്രവളരെ ഇംപാക്ട് ഉണ്ടാക്കാത്ത നികുതി തുടരുന്നുവെന്ന് പറഞ്ഞാൽ അതിന്റെ ഉദ്ദേശത്തെ മനസ്സിലാക്കിക്കൊണ്ട് ഇത് പാസ്സാക്കിത്തരണം. ഇതിൽ അന്തർഭവിച്ചിരിക്കുന്ന ദീർഘദൃഷ്ടി മനസ്സിലാക്കികൊണ്ട് നാളെ കൂടുതലായി ആവശ്യപ്പെടുന്നതിന് അവസരം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ചെയ്യുന്ന കാര്യം രാജ്യതാൽപ്പര്യത്തെ മുൻനിറുത്തി ഭയവുചെയ്ത് ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുകയാണ്. ആരെയും ഉപദ്രവിക്കാൻവേണ്ടിയുള്ളതല്ല. കേന്ദ്രത്തിൽ അതിന്റേതായ നടപടികൾകൊണ്ട് ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ പല ഇനങ്ങളിലും കൂടുതലായ തുക ചെലവാക്കേണ്ടിവരും. നേരത്തേ ബഡ്ജറ്റിന് മറുപടി പറഞ്ഞ അവസരത്തിൽ പറഞ്ഞതുപോലെ ടെക്സ്റ്റ് ബുക്കുകൾക്കുള്ള നികുതിയുടെ കാര്യമെല്ലാം പരിഗണിക്കേണ്ടതായിവരും. ആ നിലയിൽ വരുന്ന കുറവും നാം ആഗ്രഹിക്കുന്ന രീതിയിൽ പ്ലാനിങ്ങിനു ഏറ്റവും കൂടുതൽ ചെലവാക്കുന്നതിനുള്ള അവസരവും ഉണ്ടാക്കുന്നതിനുവേണ്ടി ഈ ബില്ല് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്തോസ് പല അവസരത്തിലും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്, ഒരുപക്ഷേ പ്രചരണപരമായ ആവശ്യങ്ങൾക്കു വേണ്ടിയായിരിക്കാം, തൊഴിലില്ലായ്മ വേതനത്തെ സംബന്ധിച്ച് സംസാരിച്ചു. തൊഴിലില്ലായ്മാവേതനം തുടരുകതന്നെ ചെയ്യും. നടപ്പുവർഷത്തെ പരിചയം വച്ചുകൊണ്ട് അതിനാവശ്യമായ ചില്ലറ ഭേദഗതികളും വരുത്തുമെന്നുള്ളതിൽ കവിഞ്ഞ് ആ നടപടിയോ ആ പദ്ധതിയോ നിർത്തിവയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ഉദ്ദേശവുമില്ലെന്ന് ഒന്നുകൂടി വ്യക്തമാക്കാനാഗ്രഹിക്കുന്നു. തൊഴിലില്ലായ്മവേതനം ഏർപ്പെടുത്തിയ അവസരത്തിൽതന്നെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ ഇന്നയിന്ന ഉപാധികൾക്ക് വിധേയമായി നൽകുമെന്ന് പറഞ്ഞിരുന്നു. നിർഭാഗ്യവശാൽ ചില രാഷ്ട്രീയ കക്ഷികളോ ചില തൽപ്പരകക്ഷികളോ അവരിൽ പലരേയും അതിൽനിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു, അത് പരാജയപ്പെടുത്താൻ ശ്രമിച്ചു. ഗവൺമെൻറ് ആദ്യം പറഞ്ഞ ഉപാധിയിൽതന്നെ ഉറച്ചു നിൽക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. അതുകൊണ്ട് അതേക്കുറിച്ചുള്ള പ്രചരണമൊന്നും നടത്തേണ്ട കാര്യമില്ല. തൊഴിലില്ലായ്മവേതനം കൊടുക്കുകതന്നെ ചെയ്യും. ഈ രാജ്യത്തെ തൊഴിലില്ലായ്മക്ക് ചെറിയ ഒരു ആശ്വാസം നൽകുന്നതിനുവേണ്ടി ഇത് തുടർന്നും നൽകും. അത് ആരുടേയും സ്വന്തമാക്കാൻ ശ്രമിക്കേണ്ട. ഈ ഗവൺമെൻറിൻെറ തന്നെ വകയാണ്. ഈ ഗവൺമെൻറാണ് നടപ്പാക്കിയത്. ഈ ഗവൺമെൻറുതന്നെയാണ് തുടരുന്നത്. ആരും പ്രചരണത്തിനു വേണ്ടി അവരുടേതാണെന്ന് പറയാൻ ശ്രമിക്കണ്ട. ഇത് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

The amendment moved by Shri. N. I. Devassikutty was put and lost.

The amendment moved by Shri. P. P. Esthose was put and lost.

The question that the Kerala Additional Sales-tax (Amendment) Bill, 1979 be taken into consideration, was put and carried.

The Bill was taken into consideration.

Clause 2

ശ്രീ. എം. കെ. കൃഷ്ണൻ: സർ, എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

Sir, I move: In clause 2, for the words and figures "for the financial year 1978-79 shall be omitted" substitute the words and figures "for the financial years 1978-79 and 1979-80."

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം കഴിഞ്ഞ പ്രാവശ്യം അസംബ്ലിയിൽ കൊണ്ടുവന്നു പാസാക്കിയപ്പോൾ 1978-79-ലേക്ക് മാത്രമാണെന്നു പറഞ്ഞുകൊണ്ടായിരുന്നു അന്നു അതു പാസാക്കി. ഇപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു കൊണ്ടുവന്ന ഈ അമന്റുമെന്റു പ്രകാരം ഇത് ശാശ്വതീകരിക്കുകയാണ്. പത്തു ശതമാനത്തിലധികം നികുതി ഇപ്പോഴത്തെ ബില്ലിന്റെ വേർഡിംഗ് പ്രകാരം ശാശ്വതീകരിക്കുന്നു. അനന്തമായി തുടരാമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇപ്പോൾ ധനകാര്യമന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു, ഇത് ഈ കൊല്ലംകൂടി തുടരുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെന്ന്. അതുകൊണ്ട് അനന്തമായി ഈ നികുതി പിരിക്കുന്ന നടപടിയിൽനിന്നും സർക്കാർ മാറണം. ധനകാര്യമന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ ഒരു കൊല്ലംകൂടി തുടരുമെന്നാണെങ്കിൽ എന്റെ ഭേദഗതി അതിനായിട്ടുള്ളതാണ്. അതുകൊണ്ട് കഴിഞ്ഞ കൊല്ലം ചുമത്തിയ ഈ നികുതി ഈ സാമ്പത്തിക വർഷംകൂടി തുടരുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് എന്റെ ഭേദഗതി. ഒരു കൊല്ലം കൂടിയേ തുടരുകയുള്ളൂ എന്ന തത്വം ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ച സ്ഥിതിക്ക് ഈ നികുതി 1979-80-ലേക്കുകൂടി ബാധകമാകത്തക്കരീതിയിൽ നിയമം ഭേദഗതി ചെയ്യണമെന്ന എന്റെ ഭേദഗതി അംഗീകരിക്കുന്നതിൽ വിഷമമുണ്ടാകുകയില്ലെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണം.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): ഈ ഭേദഗതി അംഗീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒരു കൊല്ലംകൂടി തുടരുമെന്നാണ് ധനകാര്യമന്ത്രി പറഞ്ഞത്. റവന്യൂമന്ത്രി കേറി അതിന് ആവില്ല എന്ന് എങ്ങനെ പറയാൻ കഴിയും? അതിന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ഭേദഗതി. അതു അംഗീകരിക്കണം.

ശ്രീ. എസ്. വരദരാജൻ നായർ: ഈ കൊല്ലവും തുടരുന്നുവെന്നാണ് പറഞ്ഞത്. ഈ കൊല്ലത്തേക്ക് മാത്രം എന്നു പറഞ്ഞിട്ടില്ല. വേണ്ടാ എന്നുണ്ടെങ്കിൽ ബിൽ കൊണ്ടുവരേണ്ട കാര്യമില്ല. എക്സിക്യൂട്ടീവ് നോട്ടിഫിക്കേഷൻ മതി. എന്നു ഇതു വേണ്ടാ എന്നു തോന്നുന്നുവോ അപ്പോൾ മാറാം. ഈ കൊല്ലംമാത്രം എന്നു പറഞ്ഞിട്ടില്ല, ഈ കൊല്ലവും തുടരുമെന്നാണ് പറഞ്ഞത്.

Mr. Speaker: Do you press your amendment?

Shri. M. K. Krishnan: Yes, I press.

LIBRARY ARCHIVES Kerala Legislative Assembly

The question that the amendment moved by Shri M.K.Krishnan be adopted, was put and lost.

The question that clause 2 stands part of the Bill, was put and carried.

Clause 2 was added to the Bill.

Clause 3

ശ്രീ. എം. കെ. കൃഷ്ണൻ: മൂന്നാമത്തെ ക്ലാസിനു് എന്റെ ഭേദഗതി ഇതാണു്.

I move: In clause 3, for the words and figures "for the financial year 1978-79 shall be omitted" substitute the words and figures "for the financial years 1978-79 and1979-80".

ഈ നിയമം ശാശ്വതമായി നിലനിൽക്കണമെന്നു ആഗ്രഹിക്കുന്ന ഒരാളല്ല ധനകാര്യമന്ത്രി എന്നാണു് എന്റെ വിശ്വാസം. കഴിഞ്ഞ വർഷം കൊണ്ടു വന്ന നികുതി ഒരു വർഷത്തേക്കുകൂടി തുടർന്നാൽ മതിയെന്നുള്ളതാണു് മൂന്നാമത്തെ ക്ലാസിനുള്ള എന്റെ ഭേദഗതി. ഇതു അംഗീകരിക്കണം. ഇതേക്കുറിച്ചു് മന്ത്രിക്കു് ഒന്നും പറയാൻ കാണുകയില്ലെന്നാണു് എന്റെ വിശ്വാസം.

Mr. Speaker: Do you press your amendment ?

Shri. M. K. Krishnan: Yes, I press.

The question that the amendment moved by Shri M.K.Ksishnan be adopted, was put and lost.

The question that clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 4

ശ്രീ. എം. കെ. കൃഷ്ണൻ: നാലാമത്തെ ക്ലാസിനുള്ള എന്റെ ഭേദഗതി ഇതാണു്.

Sir, I move: In clause 4, sub-clause (a) for the words and figures "during 1978-79 shall be omitted" substitute the words and figures during 1978-80."

LIBRARY ARCHIVES Kerala Legislative Assembly

Sir, I also move: Recast the sub-clause (b) of clause 4, as under:—" (b) in sub-section (1), for the words and figures " for the financial year commencing on the first day of April, 1978 ", the words and figures " for the financial years commencing on the first day of April 1978 and ending on the thirty-first day of March, 1980" shall be substituted.

ഈ നിയമത്തിൽ പറയുന്ന മാതിരിയാണെങ്കിൽ നികുതി ശാശ്വതീകരിക്കുന്ന വിധത്തിലാണ്. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണം.

ശ്രീ. എസ്. വരദരാജൻ നായർ: ഏതിനു വേണ്ടിയാണോ ഈ നികുതി ആദ്യം ഏർപ്പെടുത്തിയത്, അതുപോലുള്ള ആനുകൂല്യങ്ങളും നില നിൽക്കും. ആ ആനുകൂല്യങ്ങൾക്ക് മറ്റു രീതിയിലുള്ള വരവിനങ്ങൾ കാണാൻ സാധിക്കാതിരിക്കുന്നിടത്തോളം ഇതു തുടരും.

Mr. Speaker: Do you press your amendment ?

Sri. M. K. Krishnan: Yes, I press

The question that the amendment moved by Shri M. K. Krishnan be adopted, was put and lost.

The question that clause 4 stands part of the Bill, was put and carried.

Clause 4 was added to the Bill.

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Finance (Shri. S. Varadarajan Nair): Sir, I move that the Kerala Additional Sales-tax (Amendment) Bill, 1979 be finally passed.

Minister for Revenue and Co-operation (Shri. Baby John): Sir, I second it.

ശ്രീ. എ. എ. റഹീം: മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളിൽ പ്രധാനപ്പെട്ട സാധനങ്ങളെയെങ്കിലും ഈ നികുതിയിൽനിന്നു ഒഴിവാക്കാൻ ശ്രമിക്കുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ; ഈ വർഷത്തേക്കു മാത്രമാണെന്നു കഴിഞ്ഞ പ്രാവശ്യം പറഞ്ഞു. ഇപ്പോൾ പറയുന്നു ഇതു ഈ വർഷവും തുടരുമെന്ന്. അതിന്റെ അർത്ഥം ഈ നികുതി തുടർന്നുകൊണ്ടിരിക്കുമെന്നാണ്. ഇപ്പോൾ ചാക്കിലെ പൂച്ച വെളിയിൽ ചാടി. ഈ നികുതിക്കെതിരായി ഈ രാജ്യത്ത് പ്രതിപക്ഷങ്ങളാകെചേർന്നു ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിലാളിവർഗ്ഗം പണിമുടക്ക് നടത്തി, ഹർത്താൽ ആചരിച്ചു. അങ്ങനെ ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

വികാരങ്ങളൊന്നും കണക്കാക്കാതെയാണ് ഈ ബിൽ പാസാക്കിയെടുക്കാൻ പോകുന്നത്. അതുകൊണ്ട് ജനങ്ങളുടെ പിൻതുണയോടുകൂടി ഇതു പാസാക്കുന്നു എന്നുള്ള പൊള്ളത്തരം ഇനിയെങ്കിലും പറയരുതെന്നാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): എനിക്ക് ഇതേക്കുറിച്ച് കൂടുതലൊന്നും പറയാനില്ല. ശ്രീ. റഹീം പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ അവസാനമായി പാസാക്കിത്തരണമെന്നാണു എനിക്ക് പറയാനുള്ളത്.

The question that the Kerala Additional Sales-tax (Amendment) Bill, 1979 be finally passed, was put and carried.

Shri. K. Chandrasekharan: Sir, I demand a poll.

A poll was taken when the House divided as follows:

AYES—59

1. ശ്രീ. എം. പി. എം. അബ്ദുള്ളാ കുരിക്കൾ
2. ശ്രീ. ഇ. അഹമ്മദ്
3. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
4. ശ്രീ. ആര്യാടൻ മുഹമ്മദ്
5. ശ്രീ. ബേബി ജോൺ
6. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
7. ശ്രീ. എൻ കെ. ബാലകൃഷ്ണൻ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ
10. ശ്രീ. ജെ. ചിത്തരഞ്ജൻ
11. ശ്രീ. ദാമോദരൻ കാളാശ്ശേരി
12. ശ്രീ. ഈപ്പൻ കണ്ടക്കുടി
13. ശ്രീ. ഈപ്പൻ വർഗീസ്
14. ശ്രീ. പി. ആർ. ഫ്രാൻസിസ്
15. ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ
16. ശ്രീ. ഇ. പി. ഗോപാലൻ
17. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ
18. ശ്രീ. എ. എൽ. ജേക്കബ്
19. ശ്രീ. ടി. എം. ജേക്കബ്
20. ശ്രീ. ടി. എസ്. ജോൺ
21. ഡോക്ടർ കെ. സി. ജോസഫ്
22. ശ്രീ. പി. സി. ജോസഫ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീ. ഇ. കെ. പിള്ള
25. ശ്രീ. എം. കെ. കേശവൻ
26. ശ്രീ. കിട്ടപ്പ നാരായണസ്വാമി
27. ശ്രീ. കെ. ടി. കുമാരൻ
28. ശ്രീ. കന്തലോട്ടു കുഞ്ഞാമ്പു
29. ശ്രീ. സി. എ. കുര്യൻ

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. ശ്രീ. ഒ. ലൂക്കോസ്
32. ശ്രീ. ടി. എ. മജീദ്
33. ശ്രീ. കെ. എം. മാണി
34. ശ്രീ. എം. വി. മാണി
35. ശ്രീ. സി. എച്ച്. മുഹമ്മദുകോയ
36. ശ്രീ. കല്പട നാരായണൻ
37. ശ്രീ. കെ. പി. നൂറുദ്ദീൻ
38. ശ്രീ. ഉമ്മൻ ചാണ്ടി
39. ശ്രീ. കെ. പങ്കജാക്ഷൻ
40. ശ്രീ. ടി. എ. പരമൻ
41. ശ്രീ. കെ. പി. പ്രഭാകരൻ
42. ശ്രീ. വി. കെ. രാജൻ
43. ശ്രീ. കണിയാപുരം രാമചന്ദ്രൻ
44. ശ്രീ. എം. രാമപ്പ
45. ശ്രീ. കെ. ശങ്കരനാരായണൻ
46. ശ്രീ. വി. ടി. സെബാസ്റ്റ്യൻ
47. ശ്രീ. ബി. എം. ഷെറീഫ്
48. ശ്രീ. സിദ്ധർത്ഥൻ കാട്ടുങ്ങൽ
49. ശ്രീ. പി. എസ്. ശ്രീനിവാസൻ
50. ശ്രീ. സി. എം. സുന്ദരം
51. ശ്രീ. എ. വി. താമരാക്ഷൻ
52. ശ്രീ. തോമസ് ജോസഫ്
53. ശ്രീ. ത്യാഗരാജൻ
54. ശ്രീ. ആർ. എസ്. ഉണ്ണി
55. ശ്രീ. കെ. സി. വാമദേവൻ
56. ശ്രീ. എസ്. വരദരാജൻ നായർ
57. ശ്രീ. പി. കെ. വാസുദേവൻ നായർ
58. ശ്രീ. എ. എൻ. യൂസഫ്
59. ശ്രീ. സ്റ്റീഫൻ പാദുവ

NOES—28

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. കെ. അനിരുദ്ധൻ
3. ശ്രീ. തെന്നല ബാലകൃഷ്ണ പിള്ള
4. ശ്രീ. പി. ബാലൻ
5. ശ്രീ. എൻ. ഭാസ്കരൻ നായർ
6. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
7. ശ്രീ. കെ. ചന്ദ്രശേഖരൻ
8. ശ്രീ. ചടയൻ ഗോവിന്ദൻ
9. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
10. ശ്രീ. പി. പി. എസ്തോസ്
11. ശ്രീ. കെ. ജെ. ജോർജ്
12. ശ്രീ. പി. കരുണാകരൻ
13. ശ്രീ. എം. കെ. കൃഷ്ണൻ
14. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. എ. പി. കുര്യൻ
16. ശ്രീ. പി. പി. വി. മൂസ്സ
17. ശ്രീ. ഇ. നാരായണൻ നായർ
18. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
19. ശ്രീ. എം. വി. രാഘവൻ
20. ശ്രീ. കെ. രാഘവൻ മാസ്റ്റർ
21. ശ്രീ. എ. എ. റഹീം
22. ശ്രീ. ടി. കെ. രാമകൃഷ്ണൻ
23. ശ്രീ. പി. ആർ. കുറുപ്പ്
24. ശ്രീ. പി. കെ. ശങ്കരൻ കുട്ടി
25. ശ്രീ. പി. ആർ ശിവൻ
26. ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി
27. ശ്രീ. ആർ. സുന്ദരേശൻ നായർ
28. ശ്രീ. സേവ്യർ അറയ്ക്കൽ

NEUTRALS—Nil

Mr. Speaker: Those for the motion : 59
Those against the motion : 28
Neutrals : Nil

The motion was adopted and the Bill was declared finally passed.

1979-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

Minister for Finance (Shri S. Varadarajan Nair): Sir, I introduce the Kerala Appropriation (Vote on Account) Bill, 1979.

Mr. Speaker: The Bill stands introduced.

Shri S. Varadarajan Nair: Sir, I move that the Bill be taken into consideration.

Minister for Education (Shri. C. H. Mohamed Koya): Sir, I Second it.

(Mr. Dy Speaker in the chair)

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. എതിർക്കാനുള്ള കാരണങ്ങളെക്കുറിച്ച് വളരെ വിശദമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ കഴിഞ്ഞദിവസം വോട്ട് ഓൺ അക്കൗണ്ട്സിന്റെ ചർച്ച നടക്കുന്ന അവസരത്തിൽ അപ്പുറത്തുനിന്നു ചില അവകാശവാദങ്ങളും ഈ ഗവൺമെന്റിനെക്കുറിച്ച് ഉന്നയിക്കുകയുണ്ടായി. 1969-ൽ നിലവിൽവന്ന ഐക്യമുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അടിയുറച്ചു മുന്നോട്ടുപോകും, ആരുടെയും മുന്നിൽ തലകുനിക്കേണ്ട കാര്യമില്ല എന്ന ഒരു അവകാശവാദമാണ് വോട്ട്ഓൺ അക്കൗണ്ട്സിൽ ഉന്നയിക്കപ്പെട്ടത്. ആ വാദം കേട്ടപ്പോൾ ഞാൻ പഴയ പല കാര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly